ANNUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കൂബ്യൻ

2011, JULY

YAKKOOBYAN MONTHLY



## മാർ തോമാശ്ലീഹായുടെ ദുഖ്റോനോ പെരുന്നാൾ
## ജൂലൈ 3 ന്

# വാർത്തകൾ

**കുളനട സെന്റ് പീറ്റേഴ്സ് ചാപ്പലിൽ**

**വി. കുർബാന അർപ്പിച്ചു**

മാന്തളിർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളി ഇടവകാംഗങ്ങൾ ചേർന്ന് രൂപീകരിച്ച ചാരിറ്റബിൾ സൊസൈറ്റി വകയായുള്ള കുളനട ടൗണിലുള്ള സെന്റ് പീറ്റേഴ്സ് ചാപ്പലിൽ വികാരി ഫാ. സാംസൺ വറുഗീസ് വി. കുർബാന അർപ്പിച്ചു. സഹവികാരി ഫാ. ഗീവറുഗീസ് മെഴുവേലി സഹ കാർമ്മികനായിരുന്നു. നൂറുകണക്കിന് വിശ്വാസികൾ വി. കുർബാനയിൽ പങ്കുകൊണ്ടു.

കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി മറുഭാഗത്തിന്റെ കുത്സിത പ്രയോഗത്തിലൂടെ പാത്രിയർക്കീസ് വിഭാഗത്തിലെ കുറെ ആളുകളെ കാലുമാറ്റിയെടുത്ത് കേസുണ്ടാക്കിയതിനാൽ ചാപ്പലും മറ്റു സ്ഥാപനങ്ങളും അടഞ്ഞുകിടക്കുകയായിരുന്നു. ബഹു. കോടതിയുടെ അന്തിമ വിധിയെ തുടർന്ന് പാത്രിയർക്കാ വിഭാഗത്തിൽപെട്ട എ.ഇ. മത്തായി എലിവേലിൽ പ്രസിഡന്റായി സൊസൈറ്റി ഭരണസമിതിക്കു ഈ സ്ഥാപനങ്ങളും സ്വത്തുക്കളും അവകാശപ്പെട്ടതെന്ന വിധി ഇടവകാംഗങ്ങളിൽ ആഹ്ലാദം പകർന്നു. വിധിയെ തുടർന്ന് പ്രാർത്ഥനയോടെ സ്ഥാപനങ്ങളുടെ പ്രവർത്തനം പുനഃരംഭിക്കുകയായിരുന്നു.

കാലംചെയ്ത മാത്യൂസ് ദ്വിതിയൻ കാതോലിക്കായും ഡോ. അത്താനാസ്യോസും (മൂവാറ്റുപുഴ) ചാപ്പൽ തങ്ങളുടെ അധീനതയിലാണെന്നു വരുത്തി തീർക്കാൻ സഭാവിരുദ്ധരായ അച്ചന്മാരെ വികാരിയായും മറ്റും നിയമിച്ച് കല്പനയിറക്കി പല നാടകങ്ങളും കളിക്കുകയുണ്ടായി. ഒരിക്കൽ ഫാ. കുറ്റിപറിച്ചിലിനെ വിശ്വാസികൾ ഇവിടുന്ന് ഓടിക്കുകയുണ്ടായി. പാത്രിയർക്കീസ് വിഭാഗത്തിന്റെ ശക്തി ക്ഷയിപ്പിക്കുകയും സമാധാനം നൽകാതിരിക്കുയുമായിരുന്നു അവരുടെ കുതന്ത്രം. ഇപ്പോൾ ഈ ഇടവക ദൈവശക്തിയാൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

**ആംസ്റ്റർഡാമിൽ പുതിയ ഇടവക**

നെതർലന്റ്സ്: യാക്കോബായ സഭയുടെ മദ്ധ്യ യൂറോപ്യൻ ഭദ്രാസനത്തിന്റെ കീഴിൽ ആംസ്റ്റർഡാമിൽ വി. ദൈവമാതാവിന്റെ നാമത്തിൽ ആരംഭിച്ചു. ഫാ. പ്രിൻസ് മണ്ണത്തൂർ വി. കുർബാന അർപ്പിച്ചു. എല്ലാ മാസവും ആരാധന ഉണ്ടായിരിക്കും. നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു.

**കോലഞ്ചേരി പള്ളി ജില്ലാകോടിവിധി അപക്വം: ഹൈക്കോടതി**

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയെ സംബന്ധിച്ച് എറണാകുളം ജില്ലാ കോടതിയുടെ വിധിയും കണ്ടെത്തലുകളും അപക്വവും ക്രമവിരുദ്ധവുമാണെന്ന് കേരള ഹൈക്കോടതി അഭിപ്രായപ്പെട്ടു. പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാകോടതിയെ സമീപിക്കുവാൻ ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണനും, എസ്.എസ്. ശതീശ് ചന്ദ്രനും ഉത്തരവിലൂടെ നിർദ്ദേശിച്ചു. ജില്ലാകോടതിയിൽ നിലനില്ക്കുന്ന കേസ് രണ്ടു മാസത്തിനുള്ളിൽ തീർപ്പാകും.

കിഴക്കൻ അമേരിക്കൻ സിറിയക് ഓർത്തഡോക്സ് അതിഭദ്രാസനത്തിൽ സുറിയോയോ സമ്മർ ക്യാമ്പ് ജൂലൈ 11 മുതൽ ഓഗസ്റ്റ് 19 വരെ നടത്തപ്പെടുന്നു.

48-ാമത് സിറിയക് ഓർത്തഡോക്സ് സിറിയക് കൺവൻഷൻ ജൂലൈ 21 മുതൽ 24 വരെ കാനഡ അതിഭദ്രാസനത്തിൽ നടത്തപ്പെടുന്നു.

## ഡോ. ഡി. ബാബുപോളിന് മോർ ഇഗ്നാത്തിയോസ് അവാർഡ്



## അന്ന - കിറ്റക്സ് ഉടമ കാമണ്ടർ എം.സി. ജേക്കബ് അന്തരിച്ചു



**അറിയിപ്പ്**

മാസിക സാമ്പത്തിക ബുദ്ധിമുട്ടിലായതിനാൽ വരിസംഖ്യ അടച്ചും സംഭാവന നല്കിയും പുതുതായി വരിക്കാരായും സഹായിക്കുക... സഹകരിക്കുക...

ഷെവ. കെ.ജെ. ഏബ്രഹാം കോടിയാട്ട്,
സെന്റ് ജോർജ്ജ് സിംഹാസനപള്ളി, തിരുവല്ല

## എഡിറ്റോറിയൽ

# ഓർത്തഡോക്സ് നേതൃത്വത്തിന്റെ വൈരുദ്ധ്യാത്മക അവകാശവാദങ്ങൾ

പാലാരിവട്ടത്തുനിന്ന് പ്രസിദ്ധീകരിച്ച ജോർജ്ജിയൻ മിററിലെ ചില ആക്ഷേപങ്ങളാണ് ഈ ലേഖനത്തിനാധാരം. രക്ഷാധികാരി ഡോ. യാക്കോബ് മാർ ഐറേനിയോസ്: “മലങ്കരസഭ പൗരാണികത്വവും സ്വയം ശീർഷകത്വവുമുള്ളതായ ഒരു അപ്പോസ്തോലിക സഭയാണെന്നും പുരാതനമായ മറ്റു സഭകൾക്ക് തുല്ല്യമായ എല്ലാ അധികാരാവകാശങ്ങളും സ്വാതന്ത്ര്യവും അതിന് ജന്മസിദ്ധമാണെന്നും അംഗീകരിക്കുമ്പോൾ “സമാധാനമായി.”

ജസ്റ്റീസ് കെ. ജോൺമാത്യു “ഒറ്റയ്ക്കുള്ള പള്ളികൾക്കോ ഇടവകപള്ളികൾക്കോ അല്ല മലങ്കരസഭയിലെ ജനങ്ങൾക്കാണ് പ്രത്യേക ഊന്നൽ സുപ്രീംകോടതി നൽകിയിരിക്കുന്നത്. അതുകൊണ്ടാണ് ഇടവകാംഗങ്ങളുടെ പ്രാതിനിധ്യം വ്യവസ്ഥചെയ്തത്.

ഫാ. ജോൺസ് കോനാട്ട്: 2002 ൽ പുതിയ ഭരണഘടന ഉണ്ടാക്കിയവർ സഭക്ക് പുറത്താണ്.

തോമസ് പോൾ റമ്പാൻ: ഏകശരീരത്തിന്റെ ഭാഗമായി നില്ക്കുമ്പോൾ എങ്ങനെ ഭിന്നിക്കാനാകും. ഒരമ്മപെറ്റ മക്കൾക്ക് ശാശ്വതവൈരത്തിൽ കഴിയാനാകുമോ?

ഓർത്തഡോക്സ് വിഭാഗത്തിന്റെ പൊതുവായ ആവശ്യം 1934 ഭരണഘടനയും 1995 ലെ സുപ്രീംകോടതി വിധിയും (വിധി എങ്ങനെയുണ്ടായിയെന്ന് അഡ്വ. നരിമാനോട് രഹസ്യമായി ചോദിച്ചാൽ അറിയാം). അംഗീകരിച്ചാൽ സമാധാനമാകുമെന്നാണ്. വാദിയെ പ്രതിയാക്കുന്ന ഗീബൽസ് തന്ത്രമാണ് നാളിതുവരെ ഓർത്തഡോക്സ് വിഭാഗം തുടർന്ന് വരുന്നത്. ആരാണ് ഭരണഘടന അംഗീകരിച്ചിട്ടുള്ളത്. അംഗീകരിച്ചവർ 1971 ൽ എന്തിന് അതിനു വിരുദ്ധമായി പ്രവർത്തിച്ചു. ഭരണഘടന ഒന്ന്: “മലങ്കരസഭ ആകമാന സുറിയാനിസഭയുടെ ഒരു ഭാഗമാണ്. ആകമാന സുറിയാനിസഭയുടെ പരമാധ്യക്ഷൻ അന്ത്യോഖ്യാ പാത്രിയർക്കീസാണ്.” രണ്ട്: മലങ്കരസഭ അംഗീകരിച്ച കാനോൻ ബാറ എബ്രായ രചിച്ച ഹൂദായ കാനോൻ ആണ്.

കോടതിവിധി Para 135 (a) “The Patriarch was undoubltelly acknowledged and recognized by all the members of Malankara Church as the Supreme head of the Church. Malankara Chritian believed in the efficacy of Kaivappu laying of hands by Patriarch.”

ഒരമ്മ പെറ്റമക്കൾ പല ഭവനങ്ങളിൽ താമസിക്കുന്നതുകൊണ്ട് മക്കൾ അല്ലാതാകുന്നില്ല. സ്നേഹം വർദ്ധിക്കുകയേയുള്ളു. 2002 ലെ ഭരണഘടന അംഗീകരിക്കാൻ കഴിയില്ലെന്നു വാദിക്കുന്നവർ സഭയുണ്ടായി 1600 വർഷങ്ങൾക്കുശേഷം 1934 ൽ ഉണ്ടാക്കിയ ഭരണഘടന അംഗീകരിക്കണമെന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്. ഭരണഘടനയിൽ പാത്രിയർക്കീസ് പരമാദ്ധ്യക്ഷനായ ആകമാന സുറിയാനിസഭയുടെ ഭാഗമാണെന്ന് എഴുതിവെച്ചിട്ട് ഞങ്ങൾ സ്വയം ശീർഷക സ്വതന്ത്രസഭയെന്നവകാശപ്പെടുന്നതിൽ എന്തർത്ഥം?

വി. പത്രോസിന്റെ ശ്ലൈഹീക പിൻതുടർച്ചയുള്ള അന്ത്യോഖ്യാ പാത്രിയർക്കീസ് തലവനായുള്ള സഭയുടെ ഭാഗമായതും പാത്രിയർക്കീസാനാൽ വാഴിക്കപ്പെട്ടതുമായ മലങ്കര മെത്രാപ്പോലീത്താമാർ കാതോലിക്കാമാർ മാർത്തോമ്മയുടെ ശ്ലൈഹീക പിൻതുടർച്ച അവകാശപ്പെടുന്നതിൽ എന്തർത്ഥം?

മാർത്തോമ്മാ ഭാരതത്തിൽ എവിടെ വന്നു? എപ്പോൾ വന്നു? എന്തു ചെയ്തു? ഇതെല്ലാം ഐതീഹ്യങ്ങളും നിഗമനങ്ങളും മാത്രം. എന്നാൽ വി. വേദപുസ്തകപ്രകാരം മാർത്തോമ്മാ ശ്ലീഹാക്ക് പരിശുദ്ധാത്മനൽവരം ലഭിച്ചു എന്നതിനു തെളിവില്ല.

ഭരണഘടനയും കോടതിവിധിയും ആദ്യം സ്വയം അനുസരിക്കുക പിന്നീട് മറ്റുള്ളവരെ അനുസരിപ്പിക്കുക. സ്വത്തുക്കൾ കൈക്കലാക്കാൻ അധർമ്മത്തിന്റേയും അസത്യത്തിന്റേയും അന്യായത്തിന്റേയും ഏതറ്റംവരെയും പോകാൻ മടിക്കാത്തവരോട് എത്ര വേദംഓതിയിട്ടും കാര്യമില്ല. ദൈവം പരിഹരിക്കട്ടെ. വട്ടശ്ശേരിൽ തിരുമേനി രേഖയിൽ സഭയുടെ പരമാദ്ധ്യക്ഷൻ അന്ത്യോഖ്യാ പാത്രിയർക്കീസാകുന്നു എന്നത്രേ (മതസംഗതി). അദ്ദേഹം പരിശുദ്ധ പരുമല തിരുമേനിയുടെ ശിഷ്യനായിരുന്നു. ഏ.ഡി. 325 മുതൽ 1912 വരെ മലങ്കരയിലെ സർവ യാക്കോബായക്കാരനും വിശ്വസിച്ചും പ്രായോഗിതമാക്കിയുമിരുന്ന ചിന്താഗതിയും അതായിരുന്നു. പരി. പരുമല കൊച്ചുതിരുമേനി പ്രധാന സംഘാടകനായിരുന്ന 1876 ലെ മുളന്തുരുത്തി സുന്നഹദോസിൽ സംബന്ധിച്ചിരുന്ന് ആകെയുള്ള 103 പള്ളികളുടെ പ്രതിനിധികളായിരുന്നു. 130 വൈദികരും 144 അൽമായക്കാരും ഏറ്റുപറഞ്ഞത് 1875 ലെ ‘മുളന്തുരുത്തി പടിയോല’യിൽനിന്നും ഉദ്ധരിക്കാം. അതിനുമുമ്പ് സി.എം.എസുകാര്യമായുള്ള ബന്ധം ഉപേക്ഷിച്ച് 1836 ൽ എഴുതിയ ‘മാവേലിക്കര പടിയോല’യിലും പരി. അന്ത്യോഖ്യാ സിംഹാസന മേധാവിത്വം സ്പഷ്ടമായി കാണിച്ചിട്ടുണ്ട്. ഫാ. പി.ടി. ഗീവർഗീസ് (ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്) എം.എ.യ്ക്കുള്ള തീസീസ് ആയി എഴുതിയ “Were Syrian Chritains Nestorians” എന്ന വിദഗ്ദ്ധ കൃതിയിൽ പറയുന്നു: Thus from internal, external and circumstantial evidence, it is clear that the Chruch in Malabar was nothing but Jacobite-before the 16th century. യാക്കോബായ എങ്കിൽ അന്ത്യോഖ്യായുടെ യാക്കോബായ പാത്രിയർക്കീസിനു കീഴിൽ എന്നു പറയേണ്ടല്ലോ. 1665 മുതലുള്ള മലങ്കര സഭയിലെ പൗരോഹിത്യം, ആരാധന, അനുഷ്ഠാനങ്ങൾ എല്ലാം അന്ത്യോഖ്യൻ ആണെന്ന സത്യം ആരു മറന്നാലും മറച്ചാലും മറയുന്നതല്ല, ഒന്നുമുതൽ നാലാം മാർത്തോമ്മാ വരെ, ആറാം മാർത്തോമ്മാ ദീവന്നാസിയോസ് ഒന്നമൻ മുതൽ ദീവന്നാസിയോസ് ആറാമൻ (വട്ടശ്ശേരിൽ തിരുമേനി) വരെയുള്ള മലങ്കര മേലദ്ധ്യക്ഷന്മാരും അന്ത്യോഖ്യൻ സിംഹാസന പിതാക്കന്മാരാലും അവരാൽ വാഴിക്കപ്പെട്ടവരാലും വാഴിക്കപ്പെട്ടവരത്രേ, നിശ്ചയം. ഏതാദൃശസഭയിലെ സർവപട്ടക്കാരും പ്രതിനിധികളും 1876 ൽ എഴുതിവച്ച പടിയോലയിലെ ഒരു വാചകം ഉദ്ധരിക്കാം. “പിന്നീട് പട്ടക്കാരുടെ ചുരുക്കംകൊണ്ട് സഭ വലഞ്ഞപ്പോൾ... 345 ൽ ബ. ക്നായിതോമ്മാ മലയാളത്തു വരികയും... തിരികെ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിൻ കീഴിലുള്ള സുറിയാനി നാട്ടിൽനിന്നും മേൽപട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ, അയ്മേനികൾ മുതലായവരേയും, ഏറിയ ദ്രവ്യവും മലയാളത്തിൽ കൊണ്ടുവന്നു.”



**അലക്സാണ്ടർ കാരയ്ക്കാട്**
**എഡിറ്റർ**

# വി. യൗസേഫ് ശാന്തനായ ത്യാഗി

**വി. മാത്തായി 1:18–25**

യൗസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട മറിയം ഗർഭവതിയെന്നു കണ്ടപ്പോൾ അവളെ ഗൂഢമായി ഉപേക്ഷിക്കുവാൻ മനസ്സിൽ ചിന്തിച്ചുകഴിയുന്ന യൗസേഫിന് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് വെളിപ്പെടുത്തുന്ന ചില സത്യങ്ങളും യൗസേഫിന്റെ പ്രതികരണവും വ്യക്തമാക്കുന്ന വേദഭാഗമാണ് ഇവിടെ കാണുന്നത്.

**1. യൗസേഫിന്റെ നീതി**

സമർത്ഥന്മാർ ധാരാളം, സമ്പന്നർ ധാരാളം, വിദ്യാസമ്പന്നർ ധാരാളം, വിശ്വാസികൾ ധാരാളം, പള്ളികൾ ധാരാളം, സ്ഥാപനങ്ങൾ ധാരാളം, നേതാക്കന്മാർ ധാരാളം. എന്നാൽ നീതിമാന്മാർ ലോകത്തിൽ കുറയുന്നു. മറ്റെല്ലാം കൂടുമ്പോഴും കുറയുന്നത് നീതിമാന്മാരുടെ എണ്ണമാണ്. യൗസേഫ് നീതിമാനായിരുന്നു. മറ്റുള്ളവരെ അനീതിക്കാരായി ചിത്രീകരിച്ചുകൊണ്ടാണ് നാം സാധാരണ നീതിമാന്മാരാകാൻ ശ്രമിക്കുന്നത്. ഇവിടെ യൗസേഫ് നീതിമാനാകയാൽ അവളെ അപവാദപാത്രമാക്കാൻ തയാറായില്ല. നമ്മുടെ നീതി എവിടെ നിൽക്കുന്നു?

**2. ദൈവവാക്കു കേൾക്കുന്നവൻ, കാക്കുന്നവൻ**

പ്രശ്നങ്ങളുടെ നടുവിൽ ദൈവവാക്കു കേൾക്കയും കേട്ട വാക്കുകൾ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതെങ്കിലും തർക്കം കൂടാതെ കാക്കുകയും ചെയ്തവനാണ് യൗസേഫ്.

**ദൈവഹിതം നിറവേറ്റാൻ ഉണർന്നവൻ**

ദൈവാലോചന കേട്ട ഉടൻ യൗസേഫ് ഉറക്കം ഉണർന്നു. സാധാരണക്കാരുടെ ഭാഷയിൽ അത്ര സുഖരമായ ആലോചനയല്ല ദൈവത്തിങ്കൽനിന്നു കേട്ടത്. പക്ഷെ മുൻവിധികൾ കൂടാതെ ദൈവാലോചനയ്ക്കു കാതോർത്തതിനാൽ അവ പ്രാവർത്തികമാക്കുവാൻ അവൻ ഉണർന്നു. ഇത്തരം സാഹചര്യങ്ങളിൽ ഒന്നുകിൽ നാം ആലോചന നിരസിക്കും. അല്ലെങ്കിൽ കേട്ടില്ലെന്നു നടിക്കും. കേട്ടാലും ഉണർന്നു പ്രവർത്തനസജ്ജമാകാൻ വീണ്ടും താമസിക്കും. എന്നാൽ യൗസേഫിന്റെ ഈ ഉണർന്നപ്രവർത്തനം മാതൃകയാകേണ്ടതാണ്. മാലാഖയോടു തർക്കമില്ല, വാദപ്രതിവാദത്തിന് ഒരുങ്ങിയില്ല, ന്യായവാദങ്ങൾ നിരത്തിയില്ല, പിന്നെയോ ഉണർന്നു.

**4. ശാന്തനായ ത്യാഗി**

യൗസേഫിന്റെ സംസാരമോ, പ്രസംഗങ്ങളോ, സ്ഥാനങ്ങളോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹം ശാന്തനായ ഒരു ത്യാഗിയായിരുന്നു. ശാന്തത ഒന്നും മിണ്ടാതിരിക്കുന്നതു മാത്രമല്ല, പ്രതികരണശേഷിയില്ലാത്ത അവസ്ഥയല്ല, ശ്മശാനത്തിലെ മൂകതയല്ല, പിന്നെയോ ഉണരേണ്ട സമയം ഉണരുകയും പ്രവർത്തിക്കേണ്ടപ്പോൾ പ്രവർത്തിക്കയും ചെയ്യുന്ന അവസ്ഥയാണ്. കർത്താവിന്റെ നിരുജനനത്തിനായി ഇത്രയും ത്യാഗം സഹിച്ച മറ്റൊരാൾ ഉണ്ടെന്നു തോന്നുന്നില്ല.

**5. രാജ്യനിയമങ്ങളും ദൈവികനിയമങ്ങളും പാലിച്ച യൗസേഫ്**

പേർവഴിചാർത്തണമെന്ന രാജ്യനിയമം യൗസേഫ് വളരെ പ്രതികൂലമായ തന്റെ സാഹചര്യത്തിലും പാലിച്ചു. ഭാര്യ പൂർണ്ണ ഗർഭിണിയാണ്. എന്നാൽ രാജ്യ നിയമം അക്ഷരംപ്രതി പാലിച്ചു. ബാലനെയും ഭാര്യയെയും കൂട്ടി ദേവാലയത്തിൽ പോകുന്നതിനും നിയമപ്രകാരം ഉള്ള ബലികൾ കഴിക്കുന്നതിനും, നേർച്ചകൾ അർപ്പിക്കുന്നതിനും തയ്യാറായവിശ്വാസവീരൻ. പെരുനാളിനും ബാലനെയും ഭാര്യയെയും കൂട്ടി കടന്നുപോയ ശാന്തശീലൻ യൗസേഫ്.

*മത്താ. 1:18–25* **നീതിമാനായ യോസേഫ്**

ബേത്‌ലഹേമ്യനായ മരപ്പണിക്കാരനായ യോസഫ് പിൽക്കാലത്ത് നസറേത്തിൽ വാസമുറപ്പിച്ചവനായിരുന്നു. നസറേത്തിൽ തന്നെ താമസിക്കുന്ന മറിയയ്ക്കുവേണ്ടി വിവാഹം നിശ്ചയിച്ചു. എന്നാൽ അതിനിടെയാണ് ശാന്തസ്വഭാവമുള്ളവളും ദേവാലയത്തിൽ വളർന്നവളുമായ മറിയ ഗർഭിണിയാണ് എന്ന വാർത്ത യോസഫ് അറിയുന്നത്. അവൻ നീതിമാനായിരുന്നതുകൊണ്ട് അവൾക്ക് ലോകാപവാദം വരുത്തുവാൻ മനസ്സില്ലായിരുന്നു. മറ്റുളളവരോട് കരുണയോടും സ്നേഹത്തോടും പെരുമാറുക എന്നതാണ് സാക്ഷാൽ നീതി. മറ്റുള്ളവരുടെ ബലഹീനതയിൽ, അവരുടെ വിഷമതയിൽ സഹായിക്കുകയും ചെയ്യുന്നത് ദൈവനീതിയാണ്. അതുകൊണ്ട് മറിയയെ രഹസ്യമായി ഉപേക്ഷിക്കുവാൻ യോസഫ് തീരുമാനിച്ചു.

എന്നാൽ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ അവന് പ്രത്യക്ഷനായി. ദാവീദിന്റെ മകനായ യേസഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊള്ളുവാൻ നീ ശങ്കിക്കേണ്ട. അവളിൽ ഉല്പാദിതമായ പരിശുദ്ധാത്മാവിനാലാണ്. അവൾ ഒരു മകനെ പ്രസവിക്കും നീഅവന് യേശു എന്ന് പേരിടണം. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവന് ദൈവം നമ്മോടുകൂടി എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേർവിളിക്കും" എന്ന പ്രവചനം നിവർത്തിയാകാൻ കാരണമായി. യോസഫ് ഉറക്കം ഉണർന്നു. കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ മറിയയെ തന്റെ ഭവനത്തിൽ സ്വീകരിച്ചു. പ്രശ്നങ്ങൾ വരുമ്പോൾ ദൈവത്തിൽ ആശ്രയിക്കുന്നതിനും വിശ്വസിക്കാൻ പ്രയാസമുള്ള കാര്യങ്ങൾ പോലും ദൈവത്തിങ്കൽനിന്ന് കേൾക്കുമ്പോൾ വിശ്വസിക്കുന്നതിനും അതനുസരിച്ച് താഴ്മയോടും വിനയത്തോടും പ്രവർത്തിക്കുന്നതിനും കഴിയുന്ന വ്യക്തിയാണ് സാക്ഷാൽ നീതിമാൻ. മറിയയെ ഭവനത്തിൽ സ്വീകരിച്ചതുകൊണ്ട് ഒരുപാട് ക്ലേശങ്ങൾ യോസഫിന് സഹിക്കേണ്ടിവന്നു. ഗർഭിണിയായ സ്ത്രീയെയുംകൊണ്ട് പേർവഴിചാർത്തുന്നതിനു പോയതും ബേത്‌ലഹേമിൽവച്ച് ഒരു പുൽകൂട്ടിൽ അവൾ ശിശുവിനെ പ്രസവിച്ചതും എല്ലാം ബുദ്ധിമുട്ട് സഹിച്ചത് യോസഫാണ്. ഏത് പ്രതിസന്ധിയിലും പരിപാലിക്കുന്ന ഒരു ശക്തനായ ദൈവത്തിലുള്ള വിശ്വാസമാണ് നമ്മെ നിലനിർത്തുന്നത്.

നീതിമാനായ യോസേഫിനെപ്പോലെ നിന്റെ ഹിതം അറിഞ്ഞ് അതനുസരിച്ച് പ്രവർത്തിക്കാനും പ്രതികൂല സാഹചര്യങ്ങളിൽ ധൈര്യമായി അതിനെ നേടിടുവാനും ഞങ്ങളെ കൂടുതൽ ശക്തരാക്കണമെ ആമ്മീൻ. ●

സഭാ വിശ്വാസം

# പരി. അന്ത്യോഖ്യാ സിംഹാസനം
## അനുഗ്രഹങ്ങളുടെ ഉറവിടം

**ഷെവ. കെ.വി. പൗലോസ്**

ഗോത്രപിതാവായ യാക്കോബ് നാട്ടിനിർത്തി അഭിഷേകം ചെയ്ത ശില, ശ്ലീഹന്മാരിൽ തലവനായ ശീമോൻ പത്രോസ് ഏറ്റുപറഞ്ഞ സത്യവിശ്വാസമാകുന്ന പാറമേൽ നമ്മുടെ കർത്താവ് സ്ഥാപിച്ച വി. സഭയുടെ ദൃഷ്ടാന്തമാകുന്നു. ദൈവത്തിന് പ്രസാദമുള്ള ആത്മീയ യാഗം കഴിപ്പാനുള്ള ഗൃഹമാണ് വി. സഭ. യേശു മുഖാന്തിരമുള്ള യാഗമാണ് (1 പത്രോ. 4:5). ക്രിസ്തുവിൽ വിശ്വസിക്കുന്നതിലൂടെയും നാം ജീവനുള്ളവരായിത്തീരുന്നു. അതിനാൽ വി. സഭ ദൈവം വസിക്കുന്ന - ജീവനുള്ള മന്ദിരം തന്നെ.

ക്രിസ്തീയ സഭ ലോകത്തിലാദ്യമായി യെരുശലേമിൽ സ്ഥാപിക്കപ്പെട്ടു. ഏ.ഡി. 37-ൽ വി. പത്രോസ് ശ്ലീഹാ അന്ത്യോഖ്യാ ആദിമ ക്രിസ്ത്യാനികളുടെ അഭയകേന്ദ്രം മാത്രമല്ല സുവിശേഷ പ്രവർത്തനങ്ങളുടെ കേന്ദ്രം കൂടിയായിതീർന്നു. അപ്രകാരം അന്ത്യോഖ്യാസഭയുടെ തലസ്ഥാനമായിത്തീർന്നു. ക്രിസ്തീയ വിശ്വാസികൾക്ക് ക്രിസ്ത്യാനികൾ എന്ന പേര് ആദ്യമായി ലഭിച്ചത് അന്ത്യോഖ്യായിൽ വച്ചാണ് (അ.പ്ര. 11:26). ഒന്നാം നൂറ്റാണ്ടിൽ തന്നെ ഏകം, പരിശുദ്ധം, കാതോലികം, അപ്പോസ്തോലികം എന്നിങ്ങനെ സഭയുടെ ലക്ഷണങ്ങളെല്ലാം തികഞ്ഞതായിരുന്നു അന്ത്യോഖ്യാ കേന്ദ്രമായി വളർന്നു വന്ന ക്രിസ്തീയ സഭ.

മൂന്നു പൊതു സുന്നഹദോസുകളിലും സത്യവിശ്വാസത്തെ നിർവചിക്കുന്നതിനും വിശദീകരിക്കുന്നതിനും നേതൃത്വം നൽകിയത് അന്ത്യോഖ്യായിലെയും അലക്സ്ന്ത്രിയായിലെയും വേദശാസ്ത്ര പണ്ഡിതന്മാരായ പിതാക്കന്മാരാണ്. മോർ അത്താനാസ്യോസ്, മോർ കൂറിലോസ് എന്നിവർ ഈ വി. പിതാക്കന്മാരിൽ പ്രഥമ ഗണനീയരാണ്. കപ്പദോക്യൻ പിതാക്കന്മാരും ഈ ഗണത്തിൽപ്പെടുന്നു. ഏ.ഡി. 345-ലെ സിറിയൻ കുടിയേറ്റം വരെയുള്ള കാലത്ത് മലങ്കരയിൽ മെത്രാനില്ലാതെ, ഇടയനില്ലാത്ത ആടുകളെപ്പോലെ വിശ്വാസികൾ കഴിഞ്ഞുകൂടിയെന്നത് സർവസമ്മതമായ കാര്യമാണ്. വർത്തക പ്രമാണിയായ ക്നായി തോമായുടെ വരവ് ക്രിസ്ത്യൻ സമൂഹത്തിന് ഒരു പുത്തൻ ഉണർവേകി. ഉറഹായുടെ മോർ യൗസേഫ് മെത്രാനും, 72 കുടുംബങ്ങളിൽപ്പെട്ട 400 പേരുമായിട്ടാണ് ക്നായി തോമ രാജപരിവേഷത്തിൽ കപ്പലിറങ്ങിയത്. കശ്ശീശ്ശന്മാരും ശെമ്മാശന്മാരും അക്കൂട്ടത്തിലുണ്ടായിരുന്നു. പരി. അന്ത്യോ ഖ്യാ പാത്രിയാർക്കീസ്, മോർ ഒസ്താത്തേവോസ് ബാവായുടെ അനുവാദത്തോടും ആശീർവാദത്തോടും കൂടിയാണ് അവർ വന്നത്. സിറിയൻ കുടിയേറ്റത്തിലൂടെ ഒരു മെത്രാനെ സഭയ്ക്ക് ലഭിച്ചു. അദ്ദേഹം ഞായറാഴ്ച ദിവസങ്ങളിൽ, സുറിയാനിയിൽ വി. യാക്കോബിന്റെ തക്സ ഉപയോഗിച്ച് വി. കുർബാന അർപ്പിച്ചിരുന്നു. വി. കുർബാനയ്ക്ക് പുളിപ്പുള്ള അപ്പം (ഹമീറാ) ഉപയോഗിക്കുകയും ചെയ്തു.

അന്നത്തെ ഭരണകർത്താവായിരുന്ന ചേരമാൻ പെരുമാൾ 72 പദവികളാണ് ക്നായി തോമായ്ക്ക് അനുവദിച്ചത്. ആനപ്പുറത്ത് സവാരി ചെയ്യാനും, പതക്കവും തോൾവളയും അണിയാനും, വെഞ്ചാമരവും ആലവട്ടവും തഴയും കുടയും ഉപയോഗിക്കുവാനും ഭൃത്യരെ നിയമിക്കാനുമൊക്കെ അധികാരവും അവകാശവും ലഭിച്ച ക്നായി തോമാ നസ്രാണികളുടെ നേതാവായി അംഗീകരിക്കപ്പെട്ടു. ഇരവികോർത്തൻ ചെപ്പേടിലൂടെ ചില സാമൂഹിക പദവികൾ ലഭിച്ചതു കൂടാതെ തരകവും അതിനടുത്ത ചുങ്കവും പിരിക്കുവാനുള്ള അധികാരവും നേരത്തേ തന്നെ (ഏ.ഡി. 230-ൽ) ലഭിച്ചിരുന്ന ക്രിസ്ത്യാനികൾ സമൂഹമദ്ധ്യത്തിൽ ഏറെ അംഗീകാരം ലഭിച്ചവരായിത്തീർന്നു. ലഭിച്ച അധികാരങ്ങളെല്ലാം സന്തതിപരമ്പരകൾക്കും അവകാശപ്പെട്ടതാണെന്ന് രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

അന്ത്യോഖ്യാ പാത്രിയാർക്കീസ് കിഴക്കൊക്കെയുടേയും മേൽ അധികാരം ഉണ്ടെന്നും കിഴക്കുള്ള എല്ലാ മേൽപ്പട്ടക്കാരും അദ്ദേഹത്തിന് കീഴ്വഴങ്ങിയയിരിക്കണമെന്നുമുള്ള ഏ.ഡി. 381-ലെ കുസ്തന്തീനോപ്പോലീസിലെ രണ്ടാം നിശ്ചയം നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട ഒരു രേഖയാണ്. തളർന്നു കിടന്നിരുന്ന സഭയ്ക്ക് ഉണർവ് നൽകി വളർത്തിയ യാക്കോബ് ബുർദ്ദാന എന്നെന്നും അനുസ്മരിക്കപ്പെടും. യാക്കോബ് ബുർദ്ദാനയെ അനുഗമിച്ചവർ എന്ന അർത്ഥത്തിൽ 'യാക്കോബായക്കാർ' എന്ന് ഇരു സ്വഭാവവാദികൾ സത്യവിശ്വാസികളെ വിളിച്ചത് നമ്മുടെ പൂർവികർ അഭിമാനമായിട്ടാണ് കരുതിയത്. എട്ടാം നൂറ്റാണ്ടിലെ അന്ത്യോഖ്യാ (യാക്കോബായ) പാത്രിയാർക്കീസിന്റെ അധികാരം പേർഷ്യ, അറേബ്യ, സിറിയ, മെസോപ്പൊട്ടോമിയ, അർമേനിയ എന്നു വേണ്ട കേരളം വരെയും വ്യാപിച്ചിരുന്നുവെന്ന് പ്രശസ്ത ചരിത്രകാരനായ ഹഫ് വ്യക്തമാക്കിയിട്ടുണ്ട്.

ഏ.ഡി. 825 ൽ സാപ്പോർ ഈശോ എന്ന സിറിയൻ വ്യാപാരിയുടെ നേതൃത്വത്തിൽ മോർ ശാബോർ, മോർ അഫ്റോത്ത് എന്നീ മെത്രാന്മാർ കൊല്ലത്ത് എത്തുകയും പള്ളികൾ സ്ഥാപിക്കുകയും, കേരളമൊട്ടാകെ സഞ്ചരിച്ച് വിശ്വാസികളെ സത്യവിശ്വാസത്തിൽ നിലനിർത്തുകയും ചെയ്തു. അവർക്ക് അന്നത്തെ ഭരണാധികാരികളിൽ നിന്ന് ലഭിച്ച ആനുകൂല്യങ്ങളെപ്പറ്റി തരീസാ പള്ളി ചെപ്പേട്ടുകൾ തെളിവു നൽകുന്നു. കൊലത്തെ തരീസാ പള്ളി ഈ വി. പിതാക്കന്മാർ സ്ഥാപിച്ചതാണ്. ആണ്ടുതോറും ഡിസംബർ 1,2 തീയതികളിൽ ഈ പിതാക്കന്മാരുടെ ഓർമ്മ അകപ്പറമ്പ് യാക്കോബായ സുറിയാനി പള്ളിയിൽ ഭക്തിസാന്ദ്രമായി ആചരിച്ചുവരുന്നു.

15-ാം നൂറ്റാണ്ടുവരെ മലങ്കര സഭയിൽ യാക്കോബായ വിശ്വാസം മാത്രമേയുണ്ടായിരുന്നുള്ളൂ. എന്നും നെസ്തോറിയ വിശ്വാസമോ റോമാ വിശ്വാസമോ ഉണ്ടായിരുന്നില്ല എന്നും മലങ്കര കത്തോലിക്കാ സഭാ റീത്തിൽ ആർച്ചു ബിഷപ്പ് മോർ ഈവാനിയോസ് ആയിത്തീർന്ന റവ. ഫാ. പി.റ്റി. ഗീവർഗീസ് രേഖപ്പെടുത്തിയിട്ടുണ്ട്. ●

# ത്രിത്വത്തെപ്പറ്റി നിസായിയിലെ വി. ഗ്രിഗോറിയോസ് എഴുതുന്നു

"ദൈവം എന്തെല്ലാമായിരിക്കുന്നുവോ അതു പുത്രൻ വെളിപ്പെടുത്തിയിരിക്കുന്നു. പുത്രനുള്ള തെല്ലാം പിതാവിന്റേതുമാണ്. പുത്രൻ മുഴുവനായും പിതാവിൽ വസിക്കുന്നു. പിതാവു മുഴുവനായും പുത്ര നിൽ വസിക്കുന്നു. പിതാവിൽ സത്യമായി വസിക്കുന്ന പുത്രനു പിതാവിൽ നിന്നും വേർപെടാൻ സാദ്ധ്യമ ല്ല. പുത്രൻ ആത്മാവിൽ കൂടിയാണ് സർവവും നിർവ ഹിക്കുന്നത്. അതിനാൽ പുത്രനു പരിശുദ്ധാത്മാവിൽ നിന്നും വേറിട്ടു വർത്തിക്കുവാൻ സാദ്ധ്യമല്ല. പിതാ വിനെ സ്വീകരിക്കുന്നവൻ പുത്രനെയും പരിശുദ്ധാത്മാ വിനെയും ഒപ്പം സ്വീകരിക്കുന്നു. ഇവർ തമ്മിൽ ഏതെ ങ്കിലും തരത്തിലുള്ള അകർച്ചയോ വിടവോ ഉണ്ടാ കാൻ സാദ്ധ്യമല്ല. പിതാവിൽ നിന്നു വേറിട്ടു പുത്ര നെപ്പറ്റിയോ, പുത്രനിൽ നിന്നു വേറിട്ടു പരിശുദ്ധ റൂഹായെപ്പറ്റിയോ ചിന്തിക്കാനാവില്ല. വാക്കുകൾക്കും മനുഷ്യബുദ്ധിക്കും അതീതമായ വിധത്തിൽ ഇവർ തമ്മിൽ ഐക്യവും നേർത്ത വ്യതിരിക്തതയും ഉണ്ട്. ആളത്വത്തിലുള്ള വ്യതിരിക്തത സ്വഭാവത്തിലുള്ള ഏകത്വത്തെ ഭഞ്ജിക്കുന്നില്ല. സത്തിയിലുള്ള ഏകത്വം ആളത്വത്തിലുള്ള വ്യതിരിക്തയെ ബാധിക്കു ന്നില്ല. ത്രിത്വം ഏക കാലത്ത് സത്തയിൽ ഏകവും ആളത്വത്തിൽ വ്യത്യസ്തവുമാണെന്നു കേട്ടാൽ അത്ഭുതപ്പെടേണ്ടതില്ല. ഇതു പ്രഹേളികയുടെ രൂപ ത്തിൽ പറഞ്ഞാൽ വിചിത്രവും വൈരുദ്ധ്യാത്മകവു മായി തോന്നാം. ദൈവത്തിൽ ഏകത്വത്തിലെ ബഹു ത്വവും ബഹുത്വത്തിലെ ഏകത്വവുമുണ്ട്.

ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളെക്കുറിച്ച് സൈറി നിലെ ഡൈനീഷ്യസ് എഴുതി:

"പുത്രന്റെ ഉറവിടമായ പിതാവിനെ സ്തുതിക്കാം. പുത്രൻ പിതാവിന്റെ തനിസ്വരൂപമാകുന്നു. പുത്രൻ നിലകൊള്ളുന്ന ഭൂമിയാണ് പിതാവ്. പുത്രൻ പിതാ വിന്റെ മുദ്രയാണ്. പിതാവു പുത്രന്റെ പരസ്പരം ബന്ധിക്കുന്നു. ക്രിസ്തുവെ, ആത്മാവെ, പിതാവിനെ എന്റെ ആത്മാവിലേക്കയയ്ക്കുക. ഈ പനിമഞ്ഞിൽ എന്റെ വരണ്ട ഹൃദയത്തെ നിമഗ്നമാക്കുക. അതാണ് അവിടുത്തെ ദാനങ്ങളിൽ ഏറ്റവും വിലപ്പെട്ടത്."

ത്രിത്വത്തെപ്പറ്റി പല ആരാധനക്രമങ്ങളിലും പരാ മർശങ്ങളുണ്ട്. ചില സന്ദർഭങ്ങൾ മാത്രം എടുത്തു കാണിക്കുന്നു.

"നാം മഹത്വപ്പെടുന്നത് മൂന്ന് ദൈവങ്ങളെയല്ല, നാമാദരിക്കുന്നത് മൂന്ന് ആളത്വങ്ങളെയാണ്. ജനന മില്ലാത്ത പിതാവ്, പിതാവിൽ നിന്നു ജനിച്ച പുത്രൻ, പിതാവിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധ റൂഹാ. മൂന്ന് ആളത്വങ്ങളിലെ ഏക ദൈവം ശരിയായ വിശ്വാസ ത്തിലും മഹത്വത്തിലും മൂന്ന് ആളത്വങ്ങളെയും നാം ദൈവമെന്നു വിളിക്കുന്നു. നാം ദൈവത്തെ മൂന്ന് ആള ത്വങ്ങളിലെ ഏകത്തെ വാഴ്ത്തുന്നു. പിതാവു പ്രകാ ശമാകുന്നു, പുത്രൻ പ്രകാശമാകുന്നു, ആത്മാവു പ്രകാശമാകുന്നു. ഈ പ്രകാശം അവിഭക്തമാണ്.സ്വ ഭാവത്തിലുള്ള ഏകത്വത്തിൽ അതു പ്രകാശിക്കുന്നു." അതു മൂന്നു ആളത്വങ്ങളായ രശ്മികളായി പ്രകാശി ക്കുന്നു. (ലെന്റൻ ട്രിയോഡിയോൻ). പെന്തിക്കോസ്തി യിലെ സന്ധ്യാനമസ്കാരത്തിൽ നിന്നുമുള്ള ഒരു ഭാഗ മിതാ.

"സർവ ജനങ്ങളും വരട്ടെ, നമുക്ക് ഏകത്വത്തിലെ മൂന്ന് ആളത്വങ്ങളെ ആരാധിക്കാം, പരിശുദ്ധാത്മാവു മൊത്തു പിതാവിലെ പുത്രനെ, സർവകാലങ്ങൾക്കും മുമ്പെ പിതാവിൽ നിന്നും പുത്രൻ ജനിച്ചു, പുത്രൻ പിതാവിനെപ്പോലെ കാലാതീതനും, പിതാവിനോ ടൊപ്പം സിംഹാസനസ്ഥനുമാണ്. പുത്രനോടൊപ്പം പിതാവിൽ പരിശുദ്ധറൂഹായും മഹത്വീകരിക്കപ്പെടു ന്നു. ഒരേ ഒരു ദൈവം, ഒരേ ശക്തി, ഒരേ സത്ത. അവി ടുത്തെ നാം ആരാധിക്കുന്നു. അവിടുത്തോടു നാം അപേക്ഷിക്കുന്നു.

'പരിശുദ്ധനായ ദൈവമെ, വചനത്തിൽ കൂടിയും പരിശുദ്ധ റൂഹായുടെ സഹകരണത്തിൽ കൂടിയും സർവവും സൃഷ്ടിച്ച ദൈവമെ' എന്ന് ദൈവം പരിശു ദ്ധനും ബലവാനുമാകുന്നു. ദൈവത്തിൽ നാം പിതാ വിനെ അറിയുന്നു. പിതാവിൽ കൂടിയാണല്ലോ പരി ശുദ്ധറൂഹാ ഭൂമിയിൽ നിവസിക്കുവാൻ വന്നത്. പരി ശുദ്ധനും മരണരഹിതനുമായ പാരക്കലീത്തയായ ദൈവം പിതാവായ ദൈവത്തിൽ നിന്നു പുറപ്പെട്ടു. പുത്രനെ താങ്ങി വസിക്കുന്നു.

പരിശുദ്ധ ത്രിത്വമെ, അവിടുത്തേക്ക് മഹത്വമുണ്ടാ യിരിക്കട്ടെ.

സിറിയനായ വി. ഐസക്ക് എഴുതി, "കർത്താവു ദിവ്യ രഹസ്യമായി ശിഷ്യർക്കു വാഗ്ദാനം ചെയ്ത രാജ്യം സ്നേഹത്തിന്റേതാണ്. അവിടുന്ന് അവരോട് പറഞ്ഞു തന്റെ രാജ്യത്തിൽ അവർ ഭരിക്കുമെന്ന് 'നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽ ഭക്ഷി ക്കയും കുടിക്കയും ചെയ്യും' (ലൂക്കോസ് 22:30). സ്നേഹമല്ലാതെ മറ്റെന്താണ് അവർ തിന്നുകയും കുടി ക്കുകയും ചെയ്യുന്നത്. നാം സ്നേഹത്തിലെത്തു മ്പോൾ ദൈവത്തിലെത്തുന്നു. അപ്പോൾ നമ്മുടെ യാത്ര പൂർണമാകുന്നു. നാം ഈ ലോകത്തിനപ്പുറ ത്തുള്ള ഒരു ദ്വീപിൽ ചെന്നെത്തുന്നു. അവിടെയാണ് പിതാവും പുത്രനും പരിശുദ്ധ റൂഹായും. അവിടെ അവർക്കാണ് അധികാരവും മഹത്വവും ദൈവത്തെ സ്നേഹിക്കാനും ഭയപ്പെടാനും നമുക്ക് കഴിയട്ടെ."

വർഷംതോറും സെപ്റ്റംബർ എട്ടിനു നടത്തുന്ന ഒരു പ്രാർത്ഥന ഇതാ,

"സത്തയിൽ അത്യുന്നതമായ ത്രിത്വമെ, ആരംഭ മില്ലാത്ത ഏകത്വമെ, അവിടുത്തെ മുമ്പിൽ വിറച്ചുനി ന്നുകൊണ്ട് മാലാഖമാരുടെ സംഘങ്ങൾ അവിടുത്തെ സ്തുതിഗീതം പാടുന്നു. സമസ്ത വിശുദ്ധിയുള്ള ത്രിത്വമെ, സ്വർഗ്ഗവും ഭൂമിയും ആഴങ്ങളും അവിടുത്തെ ഭയപ്പെടുന്നു. മനുഷ്യരാശി അവിടുത്തെ വാഴ്ത്തുന്നു. അഗ്നി അവിടുത്തെ പരിചാരകനാകുന്നു. സൃഷ്ടിക്ക പ്പെട്ട സർവവും ഭയത്തോടെ അവിടുത്തെ അനുസരി ക്കുന്നു. ●

# ചെറിയ കാര്യങ്ങൾ ചെയ്തു മഹത്വം പ്രാപിക്കാം

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ**

ജീവിച്ചിരിക്കെ സ്വന്തം ശരീരത്തിന്റെ ഒരു ഭാഗം പൂർണ്ണമനസ്സോടെ മറ്റൊരാൾക്ക് ദാനമായി നൽകുന്നത് ഒരു മഹാദാനം തന്നെയല്ലേ? മലയാളമനോരമ 2011 ജനുവരി 18-ാം തീയതിലെ ഒരു വാർത്തയാണ് ഈ ലേഖനം എഴുതുന്നതിന് പ്രേരകമായത്. ഒരു വ്യവസായ സാമ്രാജ്യത്തിന്റെ അധിപനായ ചിറ്റിലപ്പിള്ളി കൊച്ചൗസേഫ് തന്റെ ജീവിതത്തിൽ കണ്ടിട്ടില്ലാത്ത ഒരു വ്യക്തിക്ക് തന്റെ വൃക്കകളിൽ ഒന്ന് നൽകുവാൻ തീരുമാനിച്ചത്, മാതൃക കാട്ടിക്കൊടുത്ത ചിറമ്മേൽ അച്ചന്റെ വൃക്കദാനം മൂലമാണ്. ഡേവിഡ് ചിറമ്മേൽ അച്ചന്റെ പ്രവർത്തിയാലും പ്രേരണയാലും തുടങ്ങിവച്ച ഈ സ്നേഹച്ചങ്ങല ഒരിക്കലും പൊട്ടാത്തവണ്ണം വളർന്നുകൊണ്ടിരിക്കുന്നു. ജീവിച്ചിരിക്കെ തന്നെ ബന്ധപ്പെട്ടവർ അറിയാതെ വൃത്തയും മറ്റ് ആന്തരിക അവയവങ്ങളും അടിച്ചുമാറ്റി, അത് അമ്പോളത്തിൽ വിലപേശി വിറ്റ് സുഖജീവിതം നടത്തുന്ന അധോലോക സംഘത്തിനിടയിൽ ഈ കാരുണ്യ പ്രവർത്തി മഹത്വമേറിയതാണ്.

ഈ ദാനം, യോഹന്നാന്റെ സുവിശേഷം 15 ന്റെ 13 ൽ യേശുക്രിസ്തു ആഗ്രഹിച്ചതുപോലെ ചെയ്തിരിക്കുന്നതായി കാണുവാൻ സാധിക്കും. അത് ഇങ്ങനെ പറയുന്നു "സ്നേഹിതർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല" ഈ കല്പന അനുഷ്ഠിക്കുന്നവൻ കർത്താവിന്റെ സ്നേഹിതൻ ആയിത്തീരുമെന്ന് കല്പിക്കുന്നു. ഇതു തന്നെയാണ് 1 യോഹന്നാൻ 3:16, 17 ലും പറയുന്നത്. അതും ഇപ്രകാരമാണ്. "അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്നറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വച്ചുകൊടുക്കേണ്ടതാകുന്നു. എന്നാൽ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അവനോട് മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും." ആയതിനാൽ ജീവൻ ബലിയർപ്പിക്കുന്നതിലും അപകടകരമല്ല അവയവദാനം എന്ന് മനസ്സിലാക്കാം.

ആരോഗ്യരംഗത്ത് ഇപ്പോൾ നടത്തുന്ന പരീക്ഷണങ്ങൾകൊണ്ട് ഒരാളുടെ ശരീരത്തിലെ സെല്ലുകളിൽനിന്ന് അവയവങ്ങൾ പുതുതായി വളർത്തി എടുക്കുവാൻ സാധിക്കും എന്ന് ക്ലോണിംങ്ങിൽ നിന്നും മനസ്സിലാകുന്നു. ഹൃദയം, കിഡ്നി, കരൾ, ശ്വാസകോശം, പാൻക്രിയാസ്, കുടൽ എന്നിവ മാറ്റിവയ്ക്കാവുന്ന അവയവങ്ങളും എല്ലുകൾ, കോർണിയ, ഹൃദയവാൽവുകൾ, ഞരമ്പുകൾ, കൈകാലുകൾ, തൊലി എന്നിവ മാറ്റിവയ്ക്കാവുന്ന ഇതര ശരീര ഭാഗങ്ങളുമാണ്.

ഇന്റർനെറ്റിൽ ചരിത്രം പരിശോധിച്ചാൽ ഏറ്റവും പഴക്കമുള്ള അവയവമാറ്റിവയ്ക്കൽ ചൈനീസ് ഡോക്ടറായ ചിൻ ചിയാവോയെ ചുറ്റിപ്പറ്റിയുള്ളതാണ്. രണ്ടു മനുഷ്യരുടെ ഹൃദയം പരസ്പരം മാറ്റിവയ്ക്കുന്ന ശാസ്ത്രക്രിയ അദ്ദേഹം നിർവഹിച്ചു. കത്തോലിക്ക സഭ വിശുദ്ധരായി കണക്കാക്കുന്ന ഡാമിൻ, കോസ്മോസ് എന്നിവർ മൂന്നാം നൂറ്റാണ്ടിൽ ഒരു ഡീക്കന്റെ കേടുവന്ന കാലുമാറ്റി മരണമടഞ്ഞ എത്യോപ്യക്കാരന്റെ കാലുപിടിപ്പിച്ചത്രേ. ബി.സി 2-ാം നൂറ്റാണ്ടിൽ ആയുർവേദാചാര്യനായിരുന്ന ശുശ്രുതൻ മനുഷ്യന്റെ തൊലി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയിട്ടുണ്ടത്രേ.

വേദപുസ്തകത്തിൽ ആദ്യത്തെ ശസ്ത്രക്രിയയും ബോധം കെടുത്തലും, യഹോവയായ ദൈവം ആദമിനെ ഗാഢനിദ്ര വരുത്തി അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്തു പകരം മാംസം പിടിപ്പിച്ച് ഹൗവ്വയെ സൃഷ്ടിച്ച സമയത്താണ് (ഉൽപത്തി 2:21,22).

അന്ത്യകാലത്ത് മനുഷ്യന്റെ അവയവങ്ങളും എന്തിന് പ്രാണനെപ്പോലും വിൽപ്പനച്ചരക്കാക്കി ക്രിയവിക്രയം ചെയ്യുന്ന വിവരം വെളിപാട് 18 ന്റെ 13 ൽ സവിസ്തരം പറയുന്നു. അക്ഷരിക ബാബിലോൺ ലോകത്തിന്റെ മുമ്പിൽ ഏറ്റവും വലിയ വ്യാപാര സാമ്രാജ്യം ആയിരിക്കുമെന്നും ഇവിടെ മുപ്പതു കൂട്ടം പ്രധാന വ്യാപാരവസ്തുക്കൾ ഉണ്ടായിരിക്കുമെന്നും പ്രവചിക്കുന്നു. ഗർഭപാത്രം പോലും മനുഷ്യജന്മത്തിന് കടമായി കിട്ടുന്ന അവസ്ഥ വരെ ഇപ്പോൾ എത്തിനിൽക്കുന്നു. ഇത് ക്രയം ചെയ്യുന്നവർ സമ്പന്നരായിത്തീരുമെന്നും അധാർമ്മികതമൂലം ദൈവം ഇതിനെ നശിപ്പിക്കുമെന്നും തുടർന്ന് മനുഷ്യർ വിലപിക്കുമെന്നും യോഹന്നാൻ ദർശനത്തിൽ കാണുന്നു.

ശാസ്ത്രലോകത്തു മനുഷ്യൻ ഒരു അത്ഭുതം തന്നെയാണ്. ഓക്സിജൻ, ഹൈഡ്രജൻ, നൈട്രജൻ, കാൽസ്യം, ഇരുമ്പ്, അയഡിൻ, സോഡിയം, പൊട്ടാസ്യം, ഫോസ്ഫറസ്, ഗന്ധകം, മഗ്നീഷ്യം എന്നീ 11 വസ്തുക്കളുടെ സങ്കരമാണ് മനുഷ്യൻ. ഇവയെല്ലാം ചേർന്നാൽ മനുഷ്യനാകുമോ? ഇല്ല. 200 ൽ അധികം അസ്ഥികൾ സമഞ്ജസമായി ഇണക്കിച്ചേർത്തു മജ്ജയും മാംസവും ത്വക്കും ഉള്ള ശരീരത്തിൽ 200 മൈൽ നീളമുള്ള രക്തക്കുഴലുകളിൽകൂടി, നാലു ഗ്യാലൻ ദ്രാവകം (രക്തം, വെള്ളം) ഒഴുകിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് എന്നെ അതിശയകരമായി സൃഷ്ടിച്ചിരിക്കുന്നു എന്ന് ദാവീദ് പറഞ്ഞത്.

മനുഷ്യന്റെ ശരീരഭാഗങ്ങളും അതിന്റെ പ്രവർത്തനങ്ങളും നമ്മെ അതിശയിപ്പിക്കുന്ന വിവരങ്ങൾ നൽകുന്നു. ലോകത്തിലെ എല്ലാ മനുഷ്യരിലും അടങ്ങിയിരിക്കുന്ന രക്തഘടന ഒന്നു തന്നെയാണ്. വിശ്രമമില്ലാതെ പണിയെടുക്കുന്ന ഒരു ഫാക്ടറി തൊഴിലാളിയോട് ശരീരഭാഗങ്ങളേയും അവരുടെ പ്രവർത്തനങ്ങളോട് ശരീരഭാഗങ്ങളേയും ഉപമിക്കാം. കാവൽക്കാരായ കൈകാലുകളും ബലവാനായ നട്ടെല്ലും അരയ്ക്കുന്നവരായ പല്ലുകളും കിളിവാതിലുകളായ കണ്ണുകളും മണം പിടിച്ചെടുക്കുന്ന മൂക്കും, ശബ്ദം ഒപ്പിയെ

# സൽഗുണ പ്രവർത്തികൾ ജീവിതത്തിന് ആവശ്യം

**പി.വി. സാജു, അമ്പലമേട്**

വിശുദ്ധപുസ്തകം സുദുപദേശങ്ങൾകൊണ്ട് നിറഞ്ഞതാണ്. സന്മാർഗ്ഗ ജീവിതമാണ് മനുഷ്യന്റെ നിലനിൽപ്പിന് അടിസ്ഥാനം. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രത്യാശയിൽ, സമൃദ്ധി മനുഷ്യർക്ക് ലഭിക്കുന്നു. ജീവിതത്തിൽ, അനീതി, ദുഷ്ടത, ദോഷം പറയുന്ന നാവ്, വ്യാജം പറയുന്ന അധരങ്ങൾ ഇവ മനുഷ്യരെ അശുദ്ധിയിലേക്കും, പ്രലോഭനങ്ങളിലേക്കും നയിക്കുന്നു. നീതി നടപ്പിൽ വരുത്തുക. അനീതിയിൽ സത്യത്തെ തടുക്കരുത്. ഏഷണി പറയുന്നവർ, നിഷ്ഠൂരന്മാർ, ഗർവിഷ്ഠന്മാർ എന്നിങ്ങനെ മുഖപക്ഷംനോക്കി പെരുമാറുന്നവരെയ യഹോവ വെറുക്കുന്നു. ഇവർക്ക് ദൈവപ്രഭ നഷ്ടപ്പെടുന്നു. പാപം ചെയ്യുന്നവർ, മരണശിക്ഷയ്ക്ക് യോഗ്യരാണ്. എന്നാലും, ദൈവപ്രസാദം ലഭിക്കുന്നുണ്ട്. പാപത്തെ ആകുന്നു യഹോവ വെറുക്കുന്നത്.

പൈശാചികതന്ത്രത്തിൽ ആദിമനുഷ്യർ വീണു. പൈശാചിക പ്രലോഭനങ്ങളാൽ, ദൈവസമ്പർക്കത്തെ ഇല്ലാതാക്കി. പാപമരണത്തിൽ വീണു. യഹോവയുടെ തോട്ടമായ ഏദെനിന്റെ വെളിയിലായി. ആത്മാവിൽ മരിച്ചു ഹൃദയത്തിലെ പ്രകാശം ഇരുണ്ടുപോയി. സൃഷ്ടിച്ചവനെ അനുസരിക്കാതെ സ്വന്തനിരൂപണങ്ങൾക്ക് പ്രാധാന്യം നൽകി.

ദുഷ്ടതയിൽനിന്നും അകലുക. സഭാപ്രസംഗി 8:13, ദുഷ്ടന്മാർ ദൈവത്തെ ഭയപ്പെടാതെ ജീവിക്കുന്നു. അതുകൊണ്ട് ദൈവം അവരുടെ ആയുസ്സ് ലഘുവാക്കുന്നു. സ്വന്തം പ്രതിച്ഛായ നിഴലായി വരെ പിന്തുടരുന്നു. ദുഷ്ടന്റെ ജീവിതത്തെ യഹോവ മരണത്തിനു തുല്യമാക്കുന്നു. കായീൻ ചെയ്ത, കൊലപാതകത്താൽ ആത്മീയ അധഃപതനവും നൈരാശ്യയും പൂണ്ട് ചിന്താസ്തംബനായി ഉഴന്നലയുന്നു. കൃപാവരങ്ങളെ താൻ ചെയ്ത ഹീനപ്രവർത്തിയാൽ ഇല്ലാതാക്കി.

ദോഷം ചെയ്യുന്ന നാവിനെ സൂക്ഷിക്കണം: നാവ് തീപോലെയാണ്. തീപടർന്നാൽ എല്ലാത്തിനേയും നശിപ്പിക്കും. യാക്കോബ് 3:5 "നാവ് മനുഷ്യശരീരത്തിലെ ചെറിയ അവയവങ്ങളിൽ ഒന്നുമാത്രം." നാവിൽനിന്നും വരുന്നത് ദേഹത്തെ മലിനമാക്കുന്നു. "നിങ്ങളിൽ ഒരുത്തൻ തന്റെ നാവിന് കടിഞ്ഞാണിടാതെ, ഹൃദയങ്ങളെ വഞ്ചിച്ചുകൊണ്ട് ഭക്തൻ, എന്ന് നിരൂപിച്ചാൽ വ്യർത്ഥമത്രെ" (യാക്കോബ് 1:26).

വ്യാജം പറയുന്ന അധരങ്ങളെ ഉപേക്ഷിക്കുക: അധരങ്ങളിൽനിന്നുള്ള, നല്ല വർത്തമാനം അസ്ഥികളെ തണുപ്പിക്കുന്നു. മഹത്വത്തോടെയിരുന്നാൽ അധരങ്ങൾക്ക് ശോഭ കൂടും. നാവുകൊണ്ട് വ്യാജം പ്രവർത്തിച്ചതിനാൽ അനന്യൂസും, സഫീറയും, മൃത്യുവിന് ഇടയായി. വിനാശകാരിയായ നാവ് സമൂഹത്തിൽ അപകടങ്ങളെ നിറയ്ക്കുന്നു. ഐക്യത്തിന് കോട്ടം വരുത്തുന്നു. സ്നേഹബന്ധങ്ങൾ ശിഥിലമാകുന്നു. ജ്ഞാനത്തോടെയും, വിവേകത്തോടെയും, ഉള്ള പെരുമാറ്റം, സന്തോഷജീവിതത്തിനും, സൽഗുണപ്രവർത്തികൾക്കും യോജിച്ചവയാണ്. വി. പൗല്ലോസ് ശ്ലീഹാ ഫിലിപ്പിയർ 4:4 ൽ രേഖപ്പെടുത്തിയിരിക്കുന്നത് വളരെ ശ്രദ്ധേയകരമാണ്. "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ" എന്നാണ്. സൗമ്യതയോടുകൂടിയ പെരുമാറ്റം ഉണ്ടാവണം. പ്രാർത്ഥനയോടെ, അതിന്റെ നിറവിൽക്കഴിയണം. ക്രിസ്തുയേശു പൂർണ്ണമായി മനുഷ്യന്റെ ആവശ്യങ്ങളെ നിറവേറ്റുന്നവൻ ആണ്. ●

---

ടുക്കുന്ന ചെവികളും, പാടുന്ന നാവും, പൂത്ത ബദാം വൃക്ഷംപോലെ ശോഭയുള്ള തലമുടിയും, വെള്ളിച്ചരടാകുന്ന രക്തനാഡിയും, പൊൻകിണ്ണമാകുന്ന ഹൃദയവും, ഉറവിയിലെ മകുടമായ തലച്ചോറും എല്ലാം അർത്ഥവത്തായ വിവരണങ്ങളാണ്. ഏതു സമയത്തും കാലുകളും കൈകളും ശരീരത്തിന്റെ ബാലൻസ് നിയന്ത്രിക്കുന്നു. ആദരവിന്റെ ലക്ഷണമായ കൂപ്പുകൈ ദൈവസന്നിധിയിൽ പ്രാർത്ഥിപ്പാനും സഹായിക്കുന്നു. കണ്ണിന്റെ ശോഭ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. വ്യാജമുള്ള നാവ് യോഹവയ്ക്ക് വെറുപ്പാണ്. വായും നാവും സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കഷ്ടതയിൽനിന്നും സൂക്ഷിക്കുന്നു. ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും ഉള്ളവൻ ആയിരിക്കണം. അതുകൊണ്ടാണ് ശരീരം ദൈവത്തിന്റെ മന്ദിരമാണെന്നും അത് ദൈവാത്മാവിന്റെ വാസസ്ഥലമാണെന്നും മനുഷ്യൻ ഓർക്കണമെന്ന് ഉപദേശിച്ചത് 1 കൊരിന്ത്യർ 5:15 ൽ ഇങ്ങനെ പറയുന്നു: "നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്ന് അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരമാകുന്ന ശരീരത്തെ നാം നശിപ്പിക്കരുത്. ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തണം" (കൊരിന്ത്യർ 6:20).

ഇവിടെയാണ് മനുഷ്യപുത്രന്റെ വാക്കുകളുടെ ആഴം നാം മനസ്സിലാക്കേണ്ടത്. യേശു പറയുന്നു: എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, എനിക്ക് ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു. ഞാൻ പരദേശിയായിരുന്നു നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ കാരാഗൃഹത്തത്തിൽ ആയിരുന്നു. നിങ്ങൾ എന്റെ അടുത്തുവന്നു. എന്നാൽ നീതിമാന്മാർ ചോദിക്കും കർത്താവേ നിന്നെ ഈ പറയുന്ന അവസ്ഥയിൽ അവർ എപ്പോൾ കണ്ടു. കർത്താവ് മറുപടി ഇപ്രകാരം പറഞ്ഞു. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്. ലക്ഷക്കണക്കിനു രൂപ കൊടുക്കണമെന്നോ ചരിത്രം തിരുത്തി എഴുതണമെന്നോ യേശു ആവശ്യപ്പെടുന്നില്ല. ചെറിയ കാര്യങ്ങൾ ചെയ്തു മഹത്വത്തിലേക്ക് ഉയരാം എന്നാണ് ഇതിനാൽ പഠിപ്പിച്ചത്. അതുകൊണ്ട് ദൈവമന്ദിരമാകുന്ന ശരീരംകൊണ്ട് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

# അജപാലന ദൗത്യം-പുനരവലോകനം ആവശ്യമോ?

ഫാ. ജോസഫ് കളത്രമണ്ണിൽ

മനുഷ്യജീവിതത്തെ ആദ്ധ്യാത്മികമെന്നും ഭൗതികമെന്നും രണ്ടായി കണ്ടുകൊണ്ടുള്ള ഒരു ചിന്താഗതി വളർന്നു വന്നുകൊണ്ടിരിക്കുന്നു. രോഗശാന്തിക്കും, അത്ഭുതപ്രവൃത്തികൾക്കും മുൻതൂക്കം നല്കുകയും തങ്ങൾക്കുണ്ടാകുന്ന സാമ്പത്തികാഭിവൃദ്ധി ദൈവാനുഗ്രഹമാണെന്നും, തകർച്ച ശാപമാണെന്നും അവർ പഠിപ്പിക്കുന്നു. അങ്ങനെയാണെങ്കിൽ ലാസറിന്റേയും ധനവാന്റേയും ഉപമയും ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതിനേക്കാൾ പ്രയാസമാണ് ധനവാൻ സ്വർഗ്ഗത്തിൽ കടക്കുവാൻ. ധനവാന്റെ മതിൽകെട്ടിനു പുറത്ത് പട്ടിണികിടന്ന ലാസറിനെക്കുറിച്ച് ചിന്തിക്കാതെ ആഡംഭരത്തോടും സുഖലോലുപതയോടും കൂടിജീവിക്കുന്ന ധനവാന്മാരല്ലേ ഈ ഉപദേശകരും അവരെ അനുഗമിക്കുന്നവരും ഇവർ സുഖത്തിനും സമ്പത്തിനുംവേണ്ടി ഓടിനടക്കുമ്പോൾ ചുറ്റുപാടുമുള്ള ദരിദ്രരെക്കുറിച്ചും നിരക്ഷരരെക്കുറിച്ചും കൂടി ചിന്തിക്കേണ്ടതല്ലേ? തന്റെ മഹത്തായ കുരിശു ചുമപ്പാനും കഷ്ടമനുഭവിപ്പാനും തയ്യാറാകാത്തവർ എങ്ങനെയാണ് ഇവിടെ സ്വർഗരാജ്യത്തിന് അടിത്തറയിടുന്നത്. മനുഷ്യനെ ഭൗതികതയിലും ആത്മിയതയിലും ഒരുപോലെ വളർത്തുവാൻ ക്രൈസ്തവരെ ചുമതലയുണ്ട്. ദൈവത്തിന്റേയിഷ്ടം പ്രവർത്തിക്കുന്ന സകലരും ഉൾപ്പെട്ടതാണ് സ്വർഗ്ഗരാജ്യം. മനുഷ്യഹൃദയത്തിലാണ് ദൈവരാജ്യം ആരംഭിക്കേണ്ടത്.

അപ്പോസ്തോലിക സഭകളിൽനിന്നും പുത്തൻ വ്യക്തിഗത സഭകളിലേക്കുള്ള ഒഴുക്ക് ഇപ്പോൾ ശക്തമായിരിക്കുകയാണ്. സഭകളിൽ വർദ്ധിച്ചുവരുന്ന ആഢംഭരം, നിർബന്ധിത പിരിവുകൾ, അധികാരികളുടെ തലക്കനം, ഇവയൊക്കെ ജനങ്ങളെ സഭയിൽനിന്നകറ്റുന്ന കാര്യങ്ങളാണ്. എല്ലാവരേയും സമന്മാരായി കാണുന്നതിന് പണമൊരു തടസമാണ്. സഭയും പള്ളിയും സഭയുടെ പ്രവർത്തനങ്ങളും ആഢംഭരഭ്രമത്തിൽ ആകുമ്പോൾ വിലപിക്കുന്നവരുടെ കണ്ണുനീരൊപ്പാൻ സമയവും പണവും ചെലവാക്കുന്നതിൽ സഭ വൈമുഖ്യം കാട്ടുന്നു. ശരിയായ ആത്മീയത കാണിച്ചുകൊടുക്കുകയാണ് വികലമായ ആത്മീയതയെ നേരിടാനുള്ള മാർഗ്ഗം. ഇന്ന് ഇത് മാതൃകയായി കാണിച്ചുക്കൊടുക്കാൻ ആരുണ്ട്?

ആഗോളവത്കരണത്തിന്റേയും കമ്പോളവത്കരണത്തിന്റേയും ഫലമായി ഉപഭോഗസംസ്കാരവും കമ്പോളവത്കരണവും കച്ചവടമനസ്ഥിതിയുമാണ് എവിടെയും കാണുന്നത്. ആത്മിയമേഖലയും വ്യത്യസ്തമല്ല Spiritual consumerism (ആത്മീയ ഉപഭോഗം) ഇന്നു വളർന്നുവരുന്ന വ്യക്തിഗത പ്രസ്ഥാനങ്ങൾ ആകുന്ന ക്രൈസ്തവ സംഘടനകൾ കൊഴുത്തുവളരുകയാണ്. ഇവർക്ക് ലഭിക്കുന്ന പണത്തിന് ആരോടും കണക്ക് പറയേണ്ട കാര്യമില്ല. അവർക്ക് സമിതികളില്ല, പൊതുയോഗവുമില്ല. രോഗശാന്തിക്കായി വരുന്നവരിൽനിന്നും ദശാംശമായും രജിസ്ട്രേഷൻനായും സംഭാവനയായും വൻ തുകകളാണ് വസൂലാക്കുന്നത്. മൾട്ടിനാഷനൽ കമ്പനികളുടെ രീതിയിൽ വൻപരസ്യങ്ങളിലൂടെ ജനത്തെ ഇളക്കിമറിച്ച് പണം കൈക്കലാക്കുന്ന ഇവർ സ്ഥിരം ടി.വി.യിലൂടെയും പത്രമാധ്യമങ്ങളിലൂടെയും പിണിയാളുകളെ ഇറക്കിയും ജനത്തെ വശീകരിക്കുന്നു. ഇവർ നാടുനീളെ ബൈബിൾ കോളജുകൾ തുറക്കുന്നു ജനപ്പെരുപ്പവും തൊഴിലില്ലായ്മയും ഇവിടേക്ക് ആളുകളെ ആകർഷിക്കുന്നു. പഠനം പൂർത്തിയാക്കിയവർ ആളിനെ സംഘടിപ്പിച്ച് പുതിയ കൂട്ടായ്മയുണ്ടാക്കി അവരുടെ നിലനിൽപ്പും വരുമാന മാർഗവും കണ്ടെത്തിക്കൊള്ളണം. കടക്കെണിയിൽപ്പെട്ടുഴലുന്നവർ ക്രിമിനൽ കേസിലെ പ്രതികൾ, സമൂഹം അവജ്ഞയോടെ നോക്കുന്നവർ, തട്ടിപ്പുവീരന്മാർ ഇവരൊക്കെയും ഈ പുതിയ ക്രിസ്തീയ സംഘടനകളിലേക്ക് ആകർഷിക്കും.

കേരളത്തിലെ പെന്തക്കോസ്തുക്കാർ ആരംഭംക്കു റിക്കുന്നത് കുക്കുസായിപ്പിന്റെ വരവോടെയാണ്. ചെങ്ങന്നൂരിലുള്ള മുളക്കുഴയാണ് ഇവരുടെ ആദ്യകേന്ദ്രം. വിദേശാധിപത്യത്തിലായിരുന്ന ഇവർ ഇന്നു ധാരാളം സ്വതന്ത്രപ്രസ്ഥാനങ്ങളായി വളർന്നുകൊണ്ടിരിക്കുകയാണ്.

അപ്പസ്തോലിക അടിത്തറയില്ലാത്ത സഭകൾ ഒരിടത്തും നിലനിൽക്കുകയില്ല. ഇപ്പോൾ ആയിരത്തിലധികം പെന്തക്കോസ്തു സഭകളുണ്ട്. ഇവരുടെ ഉത്ഭവം ദൈവത്തിൽ നിന്നല്ല മനുഷ്യരിൽ നിന്നാണ്. പ്രാർത്ഥനയെക്കാൾ വികാരപ്രകടനത്തിനാണ് ഇവർ മുൻതൂക്കം കൊടുക്കുന്നു. വി. വേദപുസ്തകത്തെ അവരുടെ ആവശ്യാനുസരണം വ്യാഖ്യാനിക്കുന്നു. ഭാഷാപരം, ദർശനം, പ്രവചനം, രോഗശാന്തി മുതലായവയ്ക്ക് അമിതപ്രാധാന്യം കൊടുത്ത് വരംലഭിച്ചവരാണെന്ന് പ്രചരിപ്പിക്കുന്നു. എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. അക്രൈസ്തവനോട് സുവിശേഷമറിയിക്കുന്നതിനേക്കാൾ താല്പര്യം സുറിയാനി ക്രിസ്ത്യാനികളായ നിരപരാധികളെ വലയിലാക്കുവാനാണ്.

**അജപാലന ദൗത്യം:–** കർത്താവായ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിൻ പങ്കുചേരുന്നവരാണ് പുതിയനിയമത്തിലെ പുരോഹിതർ. കർത്താവു തിരഞ്ഞെടുത്ത പന്ത്രണ്ടു പേരിലൂടെയാണ് തന്റെ ദൗത്യം കൈമാറ്റപ്പെട്ടത് (മാത്യു 6:12). ഈ പന്തിരുവരിലൂടെയാണ് തന്റെ ആഗമനോദ്ദേശം മറ്റുള്ളവർ മനസിലാക്കിയത്. കർത്താവിന്റെ ശുശ്രൂഷ പൂർത്തീകരിക്കുകയാണ് പുരോഹിതരിലൂടെ നിറവേറേണ്ടത്. പ്രവാചകദൗത്യവും പുരോഹിതദൗത്യവും ഒന്നിച്ച് യേശുക്രിസ്തുവിൽ കാണുന്നു. അജപാലന ദൗത്യം ഏറ്റവും ഉത്തരവാദപ്പെട്ട ചുമതലയാണെന്ന് പുതിയനിയമം പരിശോധിച്ചാൽ നമ്മുക്ക് കാണാൻ കഴിയും. "നല്ലയിടയൻ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്നു. കർത്താവ് വിഭാവന ചെയ്ത ഇടയന്റെ അനുഭവം ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. കൂടാതെ നല്ലയിടയൻ ഇന്നൊരു സങ്കല്പമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ധാരാളം ആളുകൾ സഭവിട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. ഇടയന്മാർ ആടുകളെ മേയിക്കാതെ തങ്ങൾതന്നെ മേയുകയാണ്. ഇടയന്റെ കരുതൽ കുറഞ്ഞുവരുന്നതിനാൽ ഇര കിട്ടാതെ ആടുകൾ ചിതറിപോകുന്നു. ഇടയൻ സ്വയം ത്യാഗിയും ആർദ്രതയും കരുതലുമുള്ളവനായിരിക്കണം അല്ലാതെ അഹംഭാവമുള്ളവനായിരിക്കരുത്. പ്രസംഗം, പഠിപ്പിക്കൽ

# സിറിയൻ കുടിയേറ്റം

നിഖ്യാ സുന്നദോസിനുശേഷം മലങ്കരയുടെമേലുള്ള അന്ത്യോഖ്യായുടെ വൈദിക മേലധികാരം പ്രസ്പഷ്ട മാക്കുന്ന ആദ്യത്തെ നടപടിയാണ് എ.ഡി 345ലെ സിറിയൻ കുടിയേറ്റം. അന്നാണ് വ്യവസായ പ്രമുഖനായ ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ 72 കുടുംബങ്ങളിൽനിന്നായി 400 പേർ കൊടുങ്ങല്ലൂർ വന്നിറങ്ങിയതും ചേരമാൻ പെരുമാൾ അവരെ സ്വീകരിച്ചതും. പ്രസ്തുത സംഘത്തിൽ പ. ലേവൻതിയോസ് പാത്രിയർക്കീസു ബാവാ അയച്ച ഉറഹായുടെ യൗസേപ്പു മെത്രാനും, രണ്ടു വൈദികരും രണ്ടു ശെമ്മാശന്മാരും ഉണ്ടായിരുന്നു. അങ്ങനെ അന്നുമുതൽ മലങ്കരസഭ വി. അന്ത്യോഖ്യാ സിംഹാസനത്തിന്റെ വൈദിക ഭരണത്തിൽ എത്തിച്ചേരുകയും അന്ത്യോഖ്യാ പാത്രിയർക്കീസന്മാരാൽ ഭരിക്കപ്പെടുവാൻ തുടങ്ങുകയും ചെയ്തു.

രാഷ്ട്രീയ വൈഷമ്യങ്ങൾ ഉണ്ടായ ചില സന്ദർഭങ്ങളിൽ മലങ്കര സഭയെ പൗരോഹിത്യ നൽവരംകൊണ്ട് അനുഗ്രഹിക്കാൻ അന്ത്യോഖ്യാ സിംഹാസനത്തിന് കഴിഞ്ഞിരുന്നില്ല. പ്രസ്തുത സന്ദർഭങ്ങളിൽ പാത്രിയർക്കീസിന്റെ സഫർഗൻ എന്ന നിലയുണ്ടായിരുന്ന സെല്യൂക്യൻ കാതോലിക്കാ അയച്ചിരുന്ന മെത്രാന്മാർ ഇവിടെ കാര്യങ്ങൾ ക്രമപ്പെടുത്തിയിരുന്നു. ഇപ്രകാരം പേർഷ്യയിൽ നിന്നയച്ച ഒരു മെത്രാനെയാണ് കൊല്ലത്തുവച്ച് എ.ഡി.522ൽ കോസ് മസ് ഇൻസി കോപ്ളിറ്റസ് കണ്ടുമുട്ടിയത്. അന്ന് സെലൂക്യൻ കാതോലിക്കാ അന്ത്യോഖ്യായുടെ "സ്ഥാനാപതിയും പ്രതിനിധിയമായിരുന്നു" എന്ന് ഡോക്ടർ നീൽ പറയുന്നു. കാതോലിക്കായ്ക്കു പാത്രിയർക്കീസിനോട് പുത്രനെപ്പോലുള്ള നിലയുണ്ടായിരുന്നു.

അഞ്ചാം നൂറ്റാണ്ടിൽ സെലൂക്യൻ കാതോലിക്കാ നെസ്തോറിയൻ വിശ്വാസത്തിന്നടിമപ്പെട്ടു. പേർഷ്യയിലെങ്ങും അതു പ്രചരിച്ചു. അതിന്റെ അലകൾ മലങ്കരയിലും അടിക്കാതിരുന്നില്ല. തുടർന്ന് സത്യവിശ്വാസം നിലനിർത്താനുള്ള ജീവന്മരണസമരംതന്നെ നടന്നു. സെലൂക്യായിലെ കാതോലിക്കാ സ്ഥാപനം നിലച്ചു.

എ.ഡി. 629ൽ പ. അത്താനാസിയോസ് ഗാമോലോ പാത്രിയർക്കീസ് മറുത്തായെ തെഗ്രീസിൽ കിഴക്കിന്റെ മപ്രിയാനയായി വാഴിച്ചു പ്രസിദ്ധനായ ഗ്രീഗോറിയോസ് ബാർ എബ്രായ 37-ാമത്തെ മപ്രീയാനയാണ്. ഏതാണ്ട് 600ൽ പരം വർഷം ഈ സ്ഥാനം തെഗ്രീസിൽ നിലനിന്നിരുന്നു. മപ്രിയാനയ വാഴിക്കുക, അദ്ദേഹത്തെപ്പറ്റിയുള്ള പരാതികൾ കേൾക്കുക, ഭരണം തൃപ്തികരമല്ലെങ്കിൽ രാജിവെപ്പിച്ച് പകരം വേറെ ആളെ വാഴിക്കുക എന്നിത്യാദി അധികാരങ്ങളെല്ലാം പാത്രിയർക്കീസിൽ നിക്ഷിപ്തമായിരുന്നു. അദ്ദേഹം പാത്രിയർക്കീസിന്റെ പ്രതിനിധിയും ആജ്ഞാനുവർത്തിയുമായിരുന്നു. ഈ നിശ്ചയങ്ങൾ പ: അത്താനാസ്യോസ് ഗാമോലൊയുടെ കാലത്തു പാസ്സാക്കിയതാണ്.

---

ഇവ ജനങ്ങൾക്ക് മനസിലാകത്തക്കവണ്ണം ലളിതമായിരിക്കണം. വിശ്വാസികളുടെ ശുശ്രൂഷകരായി മാറണം.

ശുശ്രൂഷകൻ എന്നതിനേക്കാൾ അധികാരി എന്നറിയപ്പെടുവാനാണ് പലരും ആഗ്രഹിക്കുന്നത്. ഇടവകയുടെ വരുമാനത്തിന്റെ സിംഹഭാഗവും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചിലവിടുന്നു. സാധുജന സംരക്ഷണങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും സഹായിക്കുന്നതിന് ബഡ്ജറ്റിൽ കാര്യമായ പണം കൊള്ളിക്കാറില്ല. വിദേശയാത്രയും പണപ്പിരിവിനുവേണ്ടിയുള്ള നെട്ടോട്ടം. വിദേശസഭാംഗങ്ങൾ വെറുപ്പോടും ഭയത്തോടും കൂടിയാണ് വീക്ഷിക്കുന്നത്. ദൈവഹിതത്തേക്കാൾ കൂടുതലായി സ്വന്തം ഹിതം നടപ്പാക്കുന്നവരായി തീർന്നിരിക്കുകയാണിവർ. പൗരോഹിത്യം ജീവിതസുരക്ഷിതത്വമുള്ള മാന്യതൊഴിലായി അധഃപതിച്ചിരിക്കുന്നു. പലരും സർക്കാർ ഉദ്യോഗസ്ഥന്മാരെപോലെയാണ് പെരുമാറുന്നത്.

**വൈദീക പരിശീലനം:-** വൈദീക പരിശീലനം കാലികമായി പരിഷ്കരിക്കണം. മനുഷ്യനെ നന്മയിലേക്ക് നയിക്കുവാൻ ഉതകുന്ന പരിശീലനം നൽകണം. സഭയിലെ വിശ്വാസം, ആചാരം ഇവയ്ക്ക് മാറ്റമില്ലാതെയുള്ള നവീകരണമാണ് നടക്കേണ്ടത്. സഭയുടെ ഭാവി വൈദീക സെമിനാരിയിലെ രൂപീകരണത്തിലൂടെ യാഥാർത്ഥ്യമാകണം.

വൈദീക ശുശ്രൂഷയ്ക്ക് അത്യാവശ്യമായ ഗുണങ്ങൾ ഇല്ലാത്തവരെ വെച്ച് വൈദീക ദൗർലഭ്യം പരിഹരിക്കരുത്. പരിശീലനം നൽകാതെ പട്ടം കൊടുത്ത ഒരു വൈദിക സമൂഹത്തിന് ക്രിസ്തുവിന്റെ വിളിയോട് പൊരുത്തപ്പെടാനും ക്രിസ്തുവിന്റെ സാക്ഷ്യം നൽകാനും കഴിയില്ല. ഭരണാധികാരിയെ അല്ല സമൂഹത്തെ നയിക്കുന്ന സ്നേഹസമ്പന്നനായ ഇടയനെയാണ് ഇന്നാവശ്യം. കൂദാശകളും അനുഷ്ഠാനങ്ങളും രക്ഷയ്ക്കാവശ്യമില്ല എന്ന പഠിപ്പിക്കൽ ശക്തമാകുന്ന ഈ കാലഘട്ടത്തിൽ ഇതിനെ നേരിടാൻ വൈദീകരേയും സുവിശേഷകരേയും സജ്ജമാക്കണം നവീകരണ പ്രസിദ്ധീകരണങ്ങളും അവരുടെ പഠിപ്പിക്കലുകളുമാണ് പലരുടേയും പഠനസഹായി.

**ആരാധനയിലുള്ള പങ്കാളിത്തം കുറയുന്നു:-** "വന്നോണം നിന്നോണം കണ്ടോണം പൊയ്ക്കോ ണം" നമ്മുടെ സഭയിലെ ആരാധനയെക്കുറിച്ച് മറ്റുള്ളവരുടെ അഭിപ്രായമാണിത്. ജനങ്ങൾ കാഴ്ചക്കാരയി കൈകെട്ടിനിന്ന് ആരാധനയിൽ സംബന്ധിച്ചിട്ടു പോകുന്നു. നമ്മുടെ പൂർവികർ പ്രതിവാക്യങ്ങളും ഗീതങ്ങളും ചൊല്ലി ഒന്നിച്ചു ആരാധനയിൽ സംബന്ധിച്ചിരുന്നു. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഗാനമേള നടത്തുമ്പോൾ ജനം കാഴ്ചക്കാരായി മാറുന്നത് മാറ്റണം. ഇരിപ്പിടത്തിൽ പലരും സുഖമായി ഇരുന്നുറങ്ങുന്ന കാഴ്ചയുമുണ്ട്. അത്യാധുനിക സഭകൾ (New generation churches) അവരുടെ ആരാധനയിൽ സർവരേയും പങ്കുകൊള്ളിക്കുമ്പോൾ അവർ അതിൽ ആകൃഷ്ടരാകുന്നു. ജനപങ്കാളിത്തത്തോടെ പഴയ ആരാധനാശൈലി സഭയിൽ പുനരാവിഷ്ക്കരിക്കണം. അതിന് അനുയോജ്യമായ ഗായകസംഘം നിഷേധ്യമല്ല.

നമ്മുടെ പെരുന്നാൾക്രമങ്ങൾ കൂദാശക്രമങ്ങൾ ഒക്കെ പരിഷ്കരിച്ച് ആശയവും അർത്ഥവും ഭക്തിയും വിടാതെ ലഘൂകരിക്കണം. ഗാനങ്ങൾ വിശ്വാസികളെ പഠിപ്പിക്കുകയും വേണം. ജനത്തെ മുഴുവൻ ആരാധനയിലും ഭരണത്തിലും പങ്കാളികളാക്കണം. ●

എ.ഡി 451ൽ സാർവത്രികസഭ ഏക സ്വഭാവവാദികളും ഇരു സ്വഭാവവാദികളുമായി പിരിഞ്ഞു. ഭരണാധികാരികളുടെ സഹായത്തോടെ ഇരു സ്വാഭാവവാദികൾ ഏക സ്വഭാവവാദികളെ ക്രൂരമായി പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്തു. ലിയോ പാപ്പായുടെ കാലത്ത് മാക്ക്യാൻ ചക്രവർത്തി ഏക സ്വഭാവവാദികളെ നിഷ്ഠൂരമായി കൊന്നൊടുക്കി എന്നാൽ അന്ത്യോഖ്യായിലേയും അലക്സാന്ത്രിയയിലേയും ഏക സ്വഭാവവാദികൾ പ. യാക്കോബു ബുർദ്ദാനയുടെ ശ്രമഫലമായി പുനഃസംഘടിപ്പിക്കപ്പെട്ടു. അങ്ങനെ അന്ത്യോഖ്യായിലേയും തെഗ്രീസിലേയും സഭ, യാക്കോബായ സഭ എന്ന പേരിൽ അറിയപ്പെടുവാൻ തുടങ്ങി.

എ.ഡി. 825ൽ സാപ്പർ ഈശോയുടെ നേതൃത്വത്തിൽ ഉള്ള രണ്ടാം സിറിയൻ കുടിയേറ്റം നടന്നു. അങ്കമാലിപ്പള്ളിയിൽ കബറടങ്ങിയിരിക്കുന്ന സാബോർ, ഫ്രാത്ത് എന്നീ പിതാക്കന്മാർ ഈ കൂട്ടത്തിൽ വന്നവരാണ്. കൊല്ലത്തു വന്നിറങ്ങിയ ഇവർക്ക് നാട്ടുരാജാവിൽ നിന്ന് വളരെ സ്ഥാനമാനങ്ങളും അധികാരങ്ങളും കിട്ടി. (ചെമ്പുശാസനങ്ങൾ)

16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ വരവോടുകൂടി മലങ്കര സഭയുടെ ശനിദശ ആരംഭിച്ചു. മലങ്കരസഭയെക്കണ്ട പോർട്ടുഗീസ് പാതിരിമാർ അന്ന് അമ്പരന്നുപോയി. "കഴിഞ്ഞ 1300 വർഷക്കാലം അവർക്ക് (കേരള ക്രിസ്ത്യാനികൾക്ക്) അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ നിയമിക്കപ്പെട്ട മെത്രാന്മാർ തുടർച്ചയായുണ്ടായിരുന്നു എന്ന വസ്തുത യൂറോപ്യൻ പാതിരിമാർ കണ്ടപ്പോൾ അവർ അത്ഭുതപ്പെട്ടുപോയി". ഇതിന്റെ അർത്ഥം നിഖ്യാ സമ്മേളനം മുതൽ 16-ാം നൂറ്റാണ്ടുവരെ അനുസ്യൂതമായ ബന്ധം മലങ്കര സഭയ്ക്ക് അന്ത്യോഖ്യായുമായി ഉണ്ടായിരുന്നു എന്നല്ലയോ? പോർട്ടുഗീസുകാരുടെ വരവിന് 200 കൊല്ലം മുമ്പുമുതലെ റോമൻ സഞ്ചാരികളും മിഷ്യനറിമാരും നിരന്തരമായിത്തന്നെ ഇവിടം സന്ദർശിക്കുകയും കൊല്ലത്ത് റോമാസഭയുടെ അടിസ്ഥാനമിടുകയും ചെയ്തിരുന്നു. 13-ാം ഗ്രിഗറി പാപ്പാ ആർച്ചുബിഷപ്പ് മെനസിസിനെഴുതിയ കല്പന (ബൂളാ) ഇതിനു തെളിവാണ്. ഏതുപ്രകാരേണയും കേരളത്തിലെ സഭയെ റോമായിലേക്കു ആകർഷിക്കാൻ പ്രസ്തുത ബൂളായിൽ ശട്ടംകെട്ടയിരുന്നു. 1594ൽ മെനസീസ് ഗോവായിൽനിന്നും വന്ന് ഈ സഭയെ റോമാസഭയിലേക്കു ചേർക്കുവാൻ ചെയ്ത കുത്സിത പ്രവർത്തനങ്ങൾ കുപ്രസിദ്ധങ്ങളാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായി 1599ൽ ഉദയം പേരൂർ സുന്നഹദോസ് നടന്നു. അതേതുടർന്ന് മലങ്കരസഭയ്ക്ക് നേരിടേണ്ടിവന്ന കഷ്ടതകളും യാതനകളും വർണ്ണനാതീതമാണ്. ഈ സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തുവാനായി വന്ന പ. അഹത്തള്ളാ ബാവായ്ക്ക് നേരിട്ട ദുരന്തം വർണ്ണിക്കുവാൻ വാക്കുകൾക്ക് അസാദ്ധ്യമാണ്. പ്രസ്തുത സംഭവം വിധിനിർണ്ണായകമായ ഒരു സംഭവത്തിന് വഴിയൊരുക്കി.

1653ൽ മട്ടഞ്ചേരിയിലെ സുപ്രസിദ്ധമായ കുനൻകുരിശിൽ ആലാത്തുകെട്ടി അതിന്മേൽ പിടിച്ചുകൊണ്ട് ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ സത്യവിശ്വാസികൾ റോമാ സഭയെ സ്വീകരിക്കുകയില്ലെന്നും അന്ത്യോഖ്യാ സിംഹാസനത്തെ വെടിയുകയില്ലെന്നും ഉഗ്രപ്രതിജ്ഞയെടുത്തു. തുടർന്ന് പ്രസിദ്ധമായ ആലങ്ങടു സമ്മേളനം നടന്നു. അവിടെ വച്ച് അർക്കദിയാക്കോൻ അദ്ധ്യക്ഷനും, കടവിൽ ചാണ്ടിക്കത്തനാർ, ആഞ്ഞലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ, വേങ്ങൂർ ഗീവറുഗീസ് കത്തനാർ, പള്ളി വീട്ടിൽ ചാണ്ടിക്കത്തനാർ എന്നിവർ അംഗങ്ങളുമായുള്ള ഒരു ഭരണസമിതിയെ മലങ്കര സഭയെ ഭരിക്കാനായി തിരഞ്ഞെടുത്തു.

1665ൽ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി വന്ന ഊർശ്ലേമിലെ മാർ ഗ്രിഗോറിയോസ് അക്കർദിയാക്കോനെ ഒന്നാം മാർത്തോമ്മ എന്ന പേരിൽ എപ്പിസ്കോപ്പായായി വാഴിച്ചു. മലങ്കര സഭയിൽ ഇന്നു കാണുന്ന ആചാരാനുഷ്ഠാനങ്ങളും ഏഴു കുദാശകളും ക്രമീകരിച്ചതും, പുരോഹിതന്മാരുടെ വിവിഹം നടപ്പാക്കിയതും പരിശുദ്ധനായ ഗ്രിഗോറിയോസ് പിതാവാണ്. ഗ്രിഗോറിയോസ് ബാവായും ഒന്നാം മാർത്തോമ്മായും കൂടി 2-ാം മാർത്തോമ്മായെ വാഴിച്ചു. (1670 മേടം 12-ാംനു ഒന്നാം മാർത്തോമ്മാ കാലം ചെയ്തു 1670 മേടം 14-ാംനു ഗ്രിഗോറിയോസ് ബാവാ കാലം ചെയ്യുകയും വടക്കൻ പറവൂർ പള്ളിയിൽ കബറടങ്ങുകയും ചെയ്തു.) 1685ൽ യെൽദോ മാർ ബസ്സേലിയോസ് ബാവാ പരിവാരസമേതം പ. അബ്ദുൽമ്ശിഹാ ഒന്നാമൻ പാത്രിയർക്കീസ് ബാവായാൽ മലങ്കരയിലേക്കാനയിക്കപ്പെട്ടു ഫറങ്കികളിൽനിന്നും മലങ്കര സഭയുടെ സത്യവിശ്വാസം, നിലനിർത്തുവാനായി 92 വയസ്സായിരുന്നിട്ടും നാടും വീടും ഉപേക്ഷിച്ച്, കാലാവസ്ഥയും യാത്രാസൗകര്യങ്ങളും എല്ലാം പ്രതികൂലമായിരുന്നിട്ടും, ദൈവവിളിയുണ്ടായപ്പോൾ വാഗ്ദത്തനാട്ടിലേക്ക് ഇറങ്ങിത്തിരിച്ച അബ്രാഹാമിനെ അനുസ്മരിക്കുമാണ്, ഈ സഭയെ പ്തി പ. പാത്രിയക്കീസ് ബാവായുടെ കല്പന ഉണ്ടായപ്പോൾ ഇറങ്ങിത്തിരിച്ച അദ്ദേഹം തലശ്ശേരിയിൽ വന്നിറങ്ങുകയും പറങ്കികളെ ഭയന്ന് പാണ്ഡിരാജ്യം ചുറ്റി ഹൈറേഞ്ചുവഴി കോതമംഗലത്തെത്തിച്ചേരുകയും ചെയ്തു. തന്റെ ഈ ലോകജീവിതം അവനസാനിക്കാറായെന്നറിഞ്ഞ ബാവാ തന്റെ ദൗത്യം പൂർത്തീകരിക്കുവാനായി തന്റെകൂടെവന്ന ഒരു റമ്പാനെ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലിത്തയായി വാഴിച്ചു മുളന്തുരത്തയിൽ അന്ത്യവിശ്രമംകൊള്ളുന്ന ഈ പരിശുദ്ധനാണ് ഇന്നത്തെ മലങ്കര സഭയുടെ "ഊടും പാവും" നെയ്തത്.

1) മൂന്നു പൊതു സുന്നഹദോസുകളിൽ വിശ്വസിക്കുന്ന കാതോലികവും അപ്പോസ്തോസികവും ഏകവും വിയശുദ്ധമായ സഭ സുറിയാനി സഭയാണെന്ന് പഠിപ്പിച്ചു.
2) കർത്താവിന്റെ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും വേർതിരിക്കാൻ പാടില്ലാത്തവിധത്തിലും. എന്നാൽ ഒന്നിൽ മറ്റൊന്നു ലയിച്ചു ചേരാതെയും ഉള്ള ഏക സ്വഭാവം ഉറപ്പിച്ചു.
3) പരിശുദ്ധ റൂഹാ ത്രിത്വത്തിൽ മൂന്നാമനും പിതാവിൽനിന്നു പുറപ്പെടുന്നവനും പുത്രനിൽ നിന്നെടുക്കുന്നവനുമാണെന്ന് പഠിച്ചു.
4) പരിശുദ്ധാത്മനാൽവരങ്ങൾ ജ്ഞാനം, ഗ്രഹണശക്തി, ഉപദേശം, ശക്തി,അറഇവ്, ദൈവഭക്തി, ദൈവഭയം എന്നിങ്ങനെ ഏഴാണെന്നു പഠിപ്പിച്ചു.
5) വിഗ്രഹാരാധന പാടെ നിരോധിച്ചു.
6) വി. കൂർബ്ബാനയ്ക്ക് പുളിപ്പ് ഉപയോഗിക്കാൻ ഏർപ്പെടുത്തി.

മാർത്തോമ്മാ മൂന്നാമനെയും നാലാമനെയും വാഴിച്ചത് ഇദ്ദേഹമാണ്. മാർത്തോമാ നാലാമൻ രണ്ട് എഴുത്തുകൾ പ. സിംഹാസനത്തിനയച്ചത് ഈ സഭയും അന്ത്യോഖ്യാ സിംഹാസനവും തമ്മിലുള്ള ബന്ധം വിളിച്ചറിയിക്കുന്നവയാണ്. ഇദ്ദേഹം കണ്ടനാടു പള്ളിയിൽ 1728 മാർച്ചിൽ കബറടങ്ങി. മാർത്തോമാ അഞ്ചാമൻ പ അന്ത്യോഖാ സിംഹാസനത്തിൽനിന്നുള്ള പൗരോഹിത്യനാൽ വരം ലഭിക്കാതിരുന്നതിനാൽ വ്യാകുലപ്പെട്ടുകൊണ്ടിരുന്നു. അന്ത്യോഖ്യായിൽനിന്ന് ഒരു മേല്പട്ടക്കാരനെ ലഭിക്കാനായി പ. പാത്രിയർക്കീസിന് കത്തയയ്ക്കാൻവേണ്ടി ഡച്ച് അധികാരികളെ സമീപിച്ച് അദ്ദേഹം തന്റെ എഴുത്തിൽ ഇങ്ങനെ പറയുന്നു. ഇദ്ദേഹം പ: സിംഹാസനത്തോട് അപേക്ഷിച്ചതിന്റെ ഫലമായാണ് 1751ൽ മാർ ബസ്സേലിയോസ് മപ്രിയാനാ, മാർ ഗ്രിഗോറിയോസ്, യോഹന്നാൻ റമ്പാൻ (പിന്നീട് ഈ വാനിയോസ്) എന്നിവർ മലങ്കരയിൽ എത്തിയത്.

മാർത്തോമ്മാ 6-ാമൻ മാർ ഗ്രിഗോറിയോസ്, മാർ ഈവാനിയോസ് എന്നിവരാൽ 1770ൽ അഭിഷേകം ചെയ്യപ്പെട്ടു. മാർത്തോമ്മ 7,8 എന്നിവരുടെ കാലത്ത് ആംഗ്ലിക്കൻ സഭക്കാരുടെ ഇടപെടൽ മൂലം സഭാന്തരീക്ഷം കലുഷിതമായി. കുറെക്കഴിഞ്ഞ് മാർ മാത്യൂസ് അത്താനാസിയോസ് അന്ത്യോഖ്യായിൽ നിന്നും പട്ടം ഏറ്റ് വന്ന് മലങ്കരയിൽ ഭരണം തുടങ്ങി. സ്വതന്ത്രമോഹിയായ അദ്ദേഹം പ. അന്ത്യോഖ്യാ സിംഹാസനത്തോട് മറുതലിപ്പ് കാണിക്കുകയും മുടക്കപ്പെടുകയും അതേ തുടർന്ന് മാർത്തോമ്മാ സഭ രൂപംകൊള്ളുകയും ചെയ്തു.

1876ജൂലൈ മാസത്തിൽ സുപ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസ് പ. പത്രോസ് പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ നടന്നു. ഈ സഭയിൽ ഒരു പാത്രിയർക്കീസ് എത്തിച്ചേരുന്നത് ഇത് ആദ്യമായിട്ടായിരുന്നു. മലങ്കര സഭയെ 7 ഇടവകകളായി വിഭജിച്ചത് ഈ സുന്നഹദോസിലായിരുന്നു. ദീവന്നാസിയോസ് 5-ാമൻ, മഹാ പരിശുദ്ധനായ മാർ ഗ്രിഗോറിയോസ് എന്നിവരുടെ ഭരണകാലം മലങ്കര സഭയെ സംബന്ധിച്ചിടത്തോളം അനുഗ്രഹീത കാലഘട്ടമായിരുന്നു. പ. അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നും മേൽപ്പട്ടമേറ്റ പരുമല മാർ ഗ്രിഗോറിയോസ് ജീവിതത്തിന്റെ അവസാന നിമിഷം വരെയും പ.സിഹാസനത്തോട് അചഞ്ചലമായ കൂറ് പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം പ. സിംഹാസനത്തിലേക്കു എഴുതിവച്ച രജിസ്റ്റർ ഉടമ്പടി(ശൽമൂസോ) പ്രകാരംതന്നെ സഭയെ സ്നേഹിച്ചു. മലങ്കര സഭയിൽ പൊതുവെ ആത്മീയമായും വിദ്യാഭ്യാസപരമായും ഉള്ള ഉയർച്ച ഉണ്ടായത് ഈ കാലഘട്ടത്തിലാണ്. പ. അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശിച്ചപ്പോൾ ചെയ്ത ഏറ്റവും മഹനീയമായ കാര്യം സത്യവിശ്വാസ സംരക്ഷകനായ കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസിനെയും (ആലുവ) ക്നാനായാ ഇടവകയുടെ മാർ സേവേറിയോസിനെയും വാഴിച്ച എന്നുള്ളതാണ്. മുകളിൽ പറഞ്ഞ പ. പാത്രിയർക്കീസന്മാർ ഇവിടെവച്ച് വി. മൂറോൻ കൂദാശ ചെയ്തിട്ടുണ്ട്.

കൂനൻകുരിശു സത്യവും പ. അഹത്തുള്ളബാവായും

അല്ലേശു മെനസീസിന്റെ പ്രവർത്തനഫലമായി മലങ്കരസഭ ഏതാണ്ട് റോമാ നുകത്തിന്റെ കീഴിൽ അകപ്പെട്ടുവെന്നു പറയാം. 1601-ൽ റോസു മെത്രാൻ ഭരണത്തിനു നിയോഗിക്കപ്പെടുകയും അദ്ദേഹം ആസ്ഥാനം അങ്കമാലിയിൽനിന്നു കൊടുങ്ങല്ലൂർക്ക് മാറ്റുകയും ചെയ്തു. റോസിനു ശേഷം ബ്രിട്ടോ എന്ന മെത്രാനും അദ്ദേഹത്തെ തുടർന്ന് ഗാർഷ്യാ മെത്രാനും സുറിയാനിക്കാരെ ഭരിച്ചു. ഇദ്ദേഹം (ഗാർഷ്യമെത്രാൻ) അതിനിഷ്ഠൂരമായ വിധത്തിലാണു സുറുയാനിക്കാരോടു പെരുമാറിയത്. സുറിയാനിക്കാർ വെറും അടിമകളെപ്പോലെ ആയിത്തീർന്നു. അഹങ്കാരത്തിൽനിന്നു മുക്തിനേടാൻ സുറിയാനിക്കാർ ദൃഢനിശ്ചയമെടുത്തു. 1637-ൽ ഗീവറുഗീസ് അർക്കദിയാക്കോൻ മരിക്കുകയും, ധീരനായ തോമാ അർക്കദിയാക്കോൻ മലങ്കരയുടെ ഭരണഭാരം ഏല്ക്കുകയും ചെയ്തു. ഒരു മെത്രാപ്പോലിത്തായെ, മലങ്കരയിൽ പൗരോഹിത്യം നിലനിർത്തുവാൻ അയച്ചുതരുവാൻവേണ്ടി 1650 -ൽ അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസിനെഴുതി. ഇതിന്റെ ഫലമായി വി. ശെമവൂൻ ഇഗ്നാത്തിയോസ് പാത്രിയർക്കീസു ബാവാ അഹത്തുള്ള എന്ന ഒരു മെത്രാനെ 1653-ൽ മലങ്കരയിലേക്ക് അയച്ചു. ഇതിനു മുമ്പായിത്തന്നെ വി. "യഹുദോയോദാലോഹോ" പാത്രിയർക്കീസിനാൽ 1620-ൽ ഒരു മെത്രാപ്പോലിത്തായെ അയയ്ക്കുകയും അദ്ദേഹം മൈലാപ്പൂരെത്തുകയും ചെയ്തതാണ്. എന്നാൽ പറങ്കികൾ അദ്ദേഹത്തെ പിടിച്ചു റോമായിലേക്കു കൊണ്ടുപോയി. (അദ്ദേഹം ഗോവായിൽവച്ചു കൊല്ലപ്പെട്ടുവെന്നും സംസാരമുണ്ട്) 1653-ൽ വന്ന അഹത്തുള്ള ബാവ സൂററ്റിലിറങ്ങി. പറങ്കികൾ അദ്ദേഹത്തേയും പിടിച്ചു. മൈലാപ്പൂരിൽ ബന്ധനസ്ഥനാക്കി. ഈ അവസരത്തിൽ മൈലാപ്പൂർ വി. തോമാശ്ലീഹായുടെ കബറിടത്തിൽ താർത്ഥാടനത്തിനു പോയിരുന്ന ഇട്ടി, കുര്യൻ എന്നീ രണ്ടു ശെമ്മാശന്മാർ ബാവായെ കണ്ടതായും അർക്കദിയാക്കോനെ ഭരണ കർത്താവായി അംഗീകരിച്ച് അധികാരകല്പന കൊടുത്തുവിട്ടതായും, അവർ നാട്ടിൽ വന്നപ്പോൾ അഹത്തുള്ള ബാവായേക്കുറിച്ച്, അവരിൽനിന്നു ജനങ്ങൾക്ക് അറിയുന്നതിനു ഇടയായി. ഇതിനിടയിൽ വിലങ്ങു വച്ചു പറങ്കികൾ അഹത്തുള്ള ബാവായെ കൊച്ചിയിൽ കൊണ്ടുവന്നു. ഈ വാർത്ത സുറിയാനിക്കാരുടെ ഇടയിൽ കാട്ടുതീപോലെ പടർന്നു. തങ്ങളുടെ പരിശുദ്ധപിതാവിനെ വിട്ടുകിട്ടുവൻ ആഞ്ഞലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ ഇരുപത്തിയ്യായിരം സുറിയാനിക്കാർ കൊച്ചിയിൽ ഒരുമിച്ചുകൂടി. ജനങ്ങൾ അവിടെ കൂടിയിരിക്കെ അഹത്തുള്ള ബാവായുടെ കഴുത്തിൽ ഒരു കല്ലുകെട്ടി അദ്ദേഹത്തെ പറങ്കികൾ കടലിൽ താഴ്ത്തി കളഞ്ഞുവെന്ന വാർത്ത പരന്നു. (അഹത്തുള്ള ബാവായെ ഗോവയിൽ കൊണ്ടുപോയി തീയിൽ ദഹിപ്പിച്ചു എന്നും പറയപ്പെടുന്നുണ്ട്.) നിരാശയും വൈരാഗ്യവും പൂണ്ട ജനം മട്ടാഞ്ചേരിയിലെ കൂനൻകുരിശിൽ ആലാത്തുകെട്ടി രണ്ടറ്റത്തേയ്ക്കും നീണ്ടുകിടന്ന കയറിൽ പിടിച്ച് ഒന്നടങ്കം തങ്ങളുടെ നോതാവായ ഇട്ടിത്തൊമ്മൻ കത്തനാർ ചൊല്ലിക്കൊടുത്ത സത്യവാചകം ഏറ്റു ചൊല്ലി ഉഗ്രശപഥം ചെയ്തു. "ഞങ്ങളും ഞങ്ങളുടെ സന്തതി പരമ്പരകളും ഉള്ളടത്തോളം കാലം അന്ത്യോഖ്യായെ വെടിയുകയില്ല. പറങ്കിവേദം സ്വീകരിക്കുകയും ഇല്ല. പട്ടാങ്ങപ്പെട്ട ദൈവം തമ്പുരാനാണെ സത്യം സത്യം സത്യം". ഏങ്ങനെ 1599 മുതൽ ഉണ്ടായ പറങ്കിബന്ധം 1653 മകരമാസം 3-ാം തീയതി അവസാനിച്ചു. പൂർവ്വികയാക്കോബായ വിശ്വാസത്തിലേയ്ക്കു മലങ്കരസഭ തിരിച്ചുവരാൻ തുടങ്ങി. ●

# മലങ്കരസഭയും നൂതന സിംഹാസനവും ചരിത്ര പശ്ചത്താലത്തിൽ ഒരു അവലോകനം

ഫാദർ പൗലോസ് കാട്ടുചിറ

**ക്രിസ്തീയ സഭയുടെ സ്ഥാപനവും ശ്ലീഹാന്മാരുടെ തലവനായ പത്രോസും:-** ക്രിസ്തീയ സഭ സ്ഥിപിച്ചത് ലോകത്തിന്റെ പാപപരിഹാരാർത്ഥം ലോകരക്ഷിതാവായ യേശുക്രിസ്തുവാണ്. വേദപുസ്തകപ്രകാരം താൻ സഭയുടെ ഭരണത്തിനുള്ള ചുമതല ഏല്പിച്ചത് തന്റെ ശ്ലീഹാന്മാരിൽ പ്രമുഖനായ പത്രോസിനെയാണെന്ന് കാണുന്നു. "ജനങ്ങൾ എന്നെ ആരെന്നു പറയുന്നു" എന്ന കർത്താവിന്റെ ചോദ്യത്തിനു ഉത്തരമായി ചിലർ യോഹന്നാൻ സ്നാപകൻ എന്നും ചിലർ ഏലിയാവെന്നും വേറേ ചിലർ യിരമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനൊ എന്നും പറയുന്നു എന്ന് അവർ പറഞ്ഞു. നിങ്ങളോ എന്നെ ആരെന്നു പറയുന്നു എന്നു അവൻ ചോദിച്ചതിന് ശീമോൻ പത്രോസ്, "നീ ജീവനുള്ളവനായ ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് പറഞ്ഞതാണ് സഭാസ്ഥാപനത്തിന്റെ സന്ദർഭമായി നാം കാണുന്നത്. യേശു അവനോട് ബർയോനാ ശീമോനെ നീ ഭാഗ്യവാൻ, ജഡരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കിതു വെളിപ്പെടുത്തിയത്. നീ പത്രോസാകുന്നു, ഈ പാറമേൽ ഞാനെന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതൊക്കേയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും, നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും എന്നുത്തരം പറഞ്ഞു (മത്താ. 16:13-19).

അന്ത്രയോസ് ശിഷ്യസമൂഹത്തിൽ ആദ്യത്തെ ആളും ഏറ്റവും പ്രായം കൂടിയവനും ആയിരുന്നിട്ടും ശ്ലീഹന്മാരുടെ തലവനെന്ന സ്ഥാനം അനവനു കർത്താവു നൽകിയിരുന്നില്ല. യോഹന്നാൻ തന്റെ ഏറ്റവും പ്രിയ ശിഷ്യനായിട്ടും അവനെയും തലവനാക്കിയില്ല. വേദപുസ്തകപരമായി പത്രോസിനുള്ള സമുന്നത സ്ഥാനം പല സ്ഥലങ്ങളിലും വ്യക്തമായി കാണിച്ചിട്ടുണ്ട്.

(1) യോഹ. 1:35-51 വരെ വാക്യങ്ങളിൽ പത്രോസിനെ ശ്ലീഹാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തപ്പോൾ കർത്താവ് പ്രകടിപ്പിച്ച പ്രത്യേകതകൾ സൂചിപ്പിക്കുന്നു.

(2) മത്താ. 10:2-4 വരെ, മർക്കോ. 3:13-19, ലൂക്കോ. 6:12-19 വരെ വാക്യങ്ങളിൽ ശ്ലീഹന്മാരുടെ സ്ഥാനരീതി കാണിക്കുന്നു.

(3) മത്താ. 14:24-36, മർക്കോ, 6:47-56, യോഹ. 6:16-21 വരെ വാക്യങ്ങളിൽ കർത്താവ് കടലിനുമീതെ നടന്ന സംഭവവും ശ്ലീഹന്മാരിൽ പത്രോസിനുള്ള നേതൃത്വവും കാണാവുന്നതാണ്.

(4) മത്താ. 17:22-23, മർക്കോ. 9:30-32, ലൂക്കോ. 9:43-45 വരെ വാക്യങ്ങളിൽ ഗവണ്മെന്റധികാരികൾ ദ്രമപ്പണം (കരം) പിരിക്കുന്നതിനു വന്നതും കർത്താവിന്റെ അസാന്നിദ്ധ്യത്തിൽ തലവനായ പത്രോസുമായുള്ള സംസാരവും കർത്താവിന്റെ വരവിനുശേഷം പത്രോസിനെ കർത്താവ് കരം ഒടുക്കുന്നതിനു ചുമതലപ്പെടുത്തുന്നതും കാണാം. അപ്പോ. പ്രവൃത്ത. 1:15, 2:14-42, 3:6, 4:8, 5:3, 10:9-11, 10:34. 11:26, 12:5-7 തുടങ്ങിയ അനേക വാക്യങ്ങളിൽ ശ്ലീഹന്മാർ പത്രോസിന്റെ നേതൃസ്ഥാനം അംഗീകരിച്ച് പ്രവർത്തിച്ചിരുന്നതായി കാണുന്നു. ദൈവത്തിന്റെ ജനത്തെ വിവരിക്കുന്ന എബ്രായവാക്ക് പഴയനിയമത്തിലും പുതിയനിയമത്തിലും ഏകീസീയ എന്നാണ് വി. പത്രോസ് ഈ വാക്കിനെ അടിസ്ഥാനപ്പെടുത്തി സഭയെപ്പറ്റി പറയുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും, വി. വംശവും, സ്വന്ത ജനവും എന്നാണ്. ഈ നാലു ശൈലികളും പ. പത്രോസ് പഴയനിയമത്തിൽനിന്ന് എടുത്തിട്ടുള്ളതാണ് (പുറ. 10:5, ആവ. 7:6, 10:15, യേശാ. 43:20, മലാ. 3:20). ക്രിസ്തീയ സഭയിൽ ദൈവം യിസ്രായേൽ മക്കളോട് ചെയ്ത വാഗ്ദത്തം നിറവേറിയിരിക്കുന്നു എന്ന് പത്രോസ് ഗ്രഹിച്ചിരുന്നു. പൗരോഹിത്യനൽവരെത്തെക്കുറിച്ചും പത്രോസിന് വ്യക്തമായ ധാരണകളുണ്ടായിരുന്നു. ദൈവത്തിൽനിന്ന് രാജാധികാരത്തോടുകൂടിയ ഒരു രാജകീയ പുരോഹിതവംശമത്രെ ഇത് (പത്രോ. 2:9). ലൂക്കോ. 11:52 വായിക്കുമ്പോൾ ജനത്തിന്റെ മതോപദേഷ്ടാക്കൾ ജ്ഞാനത്തിന്റെ താക്കോൽ കൈകാര്യം ചെയ്യുന്നതായി പറയുന്നു. യേശാ. 22:22ൽ ദൈവജനത്തിന്റെ രാജാവ് ദാവിദു ഗൃഹത്തിന്റെ താക്കോൽ പിടിച്ചിരിക്കുന്നതായി പറയുന്നുണ്ട്. പത്രോസിന്റെ പക്കൽ രാജ്യത്തിന്റെ താക്കോൽ ക്രിസ്തു ഏല്പിച്ചതായി മത്താ. 16:19 ൽ പറയുന്നു. ഇങ്ങനെ വേദപുസ്തകത്തിലുടനീളം പത്രോസിന്റെ മുഖ്യസ്ഥാനം വെളിപ്പെടുത്തിയിട്ടുണ്ട്.

സഭയിലെ കാനോനിക പ്രാർത്ഥനകളിൽ അനേക പ്രാവശ്യം പത്രോസിന്റെ ഉന്നത പദവിയെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. തിങ്കളാഴ്ച സന്ധ്യാ പ്രാർത്ഥനയുടെ എത്രോക്ക് ശേഷമുള്ള കോലോകളിൽ ശ്ലീഹന്മാരുടെ തലവനായ ശെമവോൻ... (പേജ് 91) തി: രാത്രി പ്രാർത്ഥന രണ്ടാം കൗമയുടെ കോലോ (പേജ് 116) പ്രവാചക ഉറവയുടെ ഉത്ഭവസ്ഥാനമായ മൂശയും ശ്ലീഹന്മാരുടെ ഉറവയുടെ ഉത്ഭവസ്ഥാനമാകുന്ന ശെമവൂനും... സ്മരിക്കപ്പെടുമാറാകട്ടെ. വീണ്ടും പേജ് 116 ൽ മൂശ പഴയനിയമത്തിന്റെ പ്രാരംഭ തലവൻ, ശെമവൂൻ പുതിയനിയമത്തിന്റെ പ്രാരംഭ തലവൻ ഇരുവർക്കും തുല്യസാമ്യങ്ങൾ ഉണ്ട്. ഇരുവരിലും ദൈവം അധിവസിച്ചു. മൂശാ താൽക്കാലിക സഭയിൽ കൂടാരംപണിതു. ശെമവൂനാകട്ടെ തിരുസഭ പണിതു. വീണ്ടും തിങ്കളാഴ്ച മൂന്നാം കൗമയുടെ എക്ബൊ (പേജ് 118) യിൽ കർത്താവെ! വാതിൽ തുറന്നുതരേണമെ, ഞാനാകുന്നു അവിടുത്തെ തത്തുല്യശിഷ്യൻ എന്നു പറഞ്ഞു പ്രാർത്ഥിക്കുന്നു. ചൊവ്വാ പ്രഭാ - പേജ് 210 ൽ ശ്ലീഹന്മാരുടെ തലവനായ ശെമവൂനും... എന്നു കാണുന്നു. കോലോ പേജ് 210 ൽ പിതാവായ മാർത്തോമ്മാ! നിന്നെ പത്രോസിന്റെ സഭയിൽ ഞങ്ങൾക്ക് കാണ്മാൻ ഇടയാക്കണമെ. നിന്നെ പത്രോസിന്റെ സഭയിൽ ഞങ്ങൾക്ക് കാണ്മാൻ ഇടയാക്കണമെ. ബുധൻ രാത്രി പേജ് 258 ൽ യഥാർത്ഥ ഇടയനും ജ്ഞാനിയായ ഭരണക്കാരനും പത്രോസിനെപ്പോലെ സഭയുടെ

# പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച

**(മക്കോ. 6:7 – 13; ലൂക്കോ. 9:1 – 11; യോഹ. 6:35 – 46)**

ഈ ഞായറാഴ്ച സന്ധ്യയുടെ ഏവൻഗേലിയോനിലും പ്രഭാതത്തിന്റെ ഏവൻഗേലിയോനിലും കർത്താവ് പന്ത്രണ്ട് ശ്ലീഹന്മാരെ അധികാരം നല്കി പറഞ്ഞയക്കുന്നതായും അവർ ഭൂതങ്ങളെ പുറത്താക്കുകയും രോഗങ്ങളെ സൗഖ്യമാക്കുകയും ചെയ്യുന്നതായും നാം കാണുന്നു. അതുകണ്ട് ചിലർ ഏലിയാ എഴുന്നേറ്റിരിക്കുന്നു, അതല്ല, യോഹന്നാൻ സ്നാപകൻ വീണ്ടും വന്നിരിക്കുന്നു എന്നൊക്കെ പറവാൻ തുടങ്ങി.

ശിഷ്യന്മാർ തങ്ങൾ ചെയ്ത കാര്യങ്ങളെക്കുറിച്ച് കർത്താവിന്റെയടുക്കൽ മടങ്ങിവന്ന് വിവരിച്ചുകേൾപ്പിച്ചു. കർത്താവ് അവർക്ക് ഉപദേശം കൊടുത്തു. “നിങ്ങൾ വഴിക്ക് ഒന്നും കരുതരുത്, പണമോ ഭക്ഷണോ രണ്ട് വസ്ത്രങ്ങളോ കരുതരുത്.” ഏതെങ്കിലും സ്ഥലത്ത് ചെന്നാൽ തരുന്ന ഭക്ഷണം കഴിക്കുക. അവിടെ ഒരു വീട്ടിൽ താമസിച്ചാൽ അവിടെതന്നെ താമസിക്കുക, മാറിമാറി താമസിക്കരുത്. വേലക്കാർ കൂലിക്ക് അർഹനാണ്. കർത്താവിന്റെ വേല ചെയ്വാൻ പുറപ്പെടുന്നവർക്കെല്ലാം ഈ ഉപദേശങ്ങൾ ബാധകമാണ്. എനിക്കെന്തുകിട്ടും, എന്തുതരും, ഇന്നത് കിട്ടണം എന്ന് ആത്മീക ശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവർ ചിന്തിക്കയോ പറകയോ ആകുലപ്പെടുകയോ ചെയ്യരുത്. എന്നാൽ ഇന്നത്തെ സ്ഥിതി അതാണോ എന്നറിവില്ല.

വി. കുർബാനയുടെ ഏവൻഗേവിയോനിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പമാകുന്നു എന്ന് പറഞ്ഞപ്പോൾ യഹൂദന്മാർ പിറുപിറുത്തതായി നാം കാണുന്നു. ഇവൻ യൗസേപ്പിന്റെ പുത്രനായ യേശുവല്ലയോ എന്ന് അവർ പറഞ്ഞു. യേശുവിനെക്കുറിച്ച് അവർ പറഞ്ഞത് ശരിതന്നെ. അവർ ബാഗ്യമായ വരം മാത്രമേ കണ്ടുള്ളു. എന്നാൽ ഒരവസരത്തിൽ ശീമോൻ പത്രോസിനോട് ഞാൻ ആരാണെന്നാണ് നിങ്ങൽ പറയുന്നത് എന്ന് ചോദിച്ചപ്പോൾ “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നു” എന്നു പറഞ്ഞു. അതിന് കർത്താവ്: “ശീമോനേ, ജഢരക്തങ്ങളല്ല നിനക്കിത് വെളിപ്പെടുത്തി തന്നത് എന്നാലെ സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ” എന്ന് പറഞ്ഞു. ജഢിക കണ്ണുകൾകൊണ്ട് നോക്കുന്നവർ യൗസേഫിന്റെ പുത്രനായ യേശുവിനെയത്രെ കാണുന്നത്. കർത്താവിന്റെ ദിവ്യത്വം കാണ്മാൻ നമ്മുടെ ആത്മീക കണ്ണുകൾ തുറക്കപ്പെടണം. അതിനായി സ്വയം ശുദ്ധീകരിക്കാം, ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യാം. ജീവന്റെ അപ്പമായ കർത്താവിന്റെ ശരീരരക്തങ്ങൾ അപ്പത്തിലും വീഞ്ഞിലും കർത്താവ് സ്ഥാപിച്ചുതന്നു. അപ്പം തന്റെ ശരീരവും വീഞ്ഞു തന്റെ രക്തവുമാണെന്ന് കർത്താവ് പറഞ്ഞു.

അപ്പം പുളിപ്പുള്ളതായിരിക്കണം. പുളിപ്പ് ജീവനെ സൂചിപ്പിക്കുന്നു. പുളിപ്പുള്ളതു തന്നെയാണ് വീഞ്ഞും. അതും ജീവനുള്ളതാണ്. വെറും മുന്തിരിങ്ങാ പിഴിഞ്ഞ് പുളിക്കാതെ ഉപയോഗിച്ചാൽ പോരാ. അങ്ങനെ വിശ്വസിക്കുന്നവരുമുണ്ട്. അത് തെറ്റാണ്. കർത്താവ് ഉപയോഗിച്ചത് ‘ലഹ്മോ’ (പുളിപ്പുള്ള) അപ്പമാണ് പത്തിറായല്ല, വീഞ്ഞു (പുളിപ്പുള്ളത്) തന്നെയാണ് മുന്തിരിച്ചാറല്ല.

കോതമ്പുകൊണ്ടുള്ള അപ്പമാണ് എന്നുള്ളത് ഒരു സവിശേഷതയാണ്. കോതമ്പ് ലോകത്തിലെ ധാന്യങ്ങളിൽവെച്ച് ശ്രേഷ്ഠമാണ്. മുന്തിരിയിൽ നിന്നുള്ള വീഞ്ഞെടുത്തത് ഒരു വിശേഷതയാണ്, എന്തെന്നാൽ മുന്തിരി സകല സസ്യങ്ങളിലുംവച്ച് ശ്രേഷ്ഠമാണ്. തങ്ങളുടെ ആരാധനാമൂർത്തിയായവന്റെ ശരീരരക്തങ്ങൾ അനുഭവിച്ച് അവന്റെ ദിവ്യശക്തി പ്രാപിക്കുകയും, അവ കൂട്ടമായി അനുഭവിച്ച് തമ്മിൽ കൂട്ടായ്മയിൽ വളരുകയും ചെയ്യുകയെന്ന തത്വം ക്രിസ്തുവിന് ആയിരമായിരം സംവത്സരങ്ങൾക്ക് മുമ്പ് മുതലെകിരാത വർഗ്ഗക്കാരുടെ മതങ്ങളിൽ അടിഞ്ഞു കിടന്നിരുന്ന തത്വമാണ്. ആ തത്വം വിട്ടുകളയാതെയാണ് കർത്താവ് തന്റെ ആരാധകർക്ക് തന്റെ ശരീരരക്തങ്ങൾ അനുഭവിപ്പാൻ നൽകിയത്. കർത്താവിന്റെ സ്വാഭാവിക ശരീരമല്ല, അത്ഭുത ശരീരം അപ്പത്തിൽ സ്ഥാപിച്ചാണ് കർത്താവ് നൽകുന്നത്. ശരീരമാണ്, ശവമല്ല നൽകുന്നത്. മരിച്ചു ജീവനില്ലാത്തതല്ല, ജീവനും രക്തവുമുള്ളതത്രെ.

---

അടിസ്ഥാനവും ആയുള്ളോവെ! സമാധാനത്തോടെ വരിക എന്നു കാണുന്നു. വ്യാഴം രാത്രി രണ്ടാം കൗമയിൽ

“പന്ത്രണ്ടു തൂണുകൾ ഭൂമിയെ വഹിച്ചിരിക്കുന്നു.

പന്ത്രണ്ടു മാസങ്ങൾ സംവത്സരത്തെ മകുടം ചാർത്തുന്നു.

പന്ത്രണ്ടു ഉറവകൾ ആ ശീമോനിൽ നിന്നൊഴുകി...”

എന്നു കാണുന്നു. വ്യാഴം കോലോ-പേജ് 314 ൽ ശെമവൂൻ കടലിൽ മത്സ്യം പിടിക്കുകയായിരുന്നു. അവന്റെ ഉടയവൻ അവനെ വിളിച്ച് ഇപ്രകാരം അരുളിച്ചെയ്തു. ശെമവൂനെ! നീ വരിക, മനുഷ്യരെ മരണത്തിൽനിന്ന് ജീവങ്കലേക്ക് വീശിയെടുക്കുവാനുള്ള ആത്മീയ വല നിനക്ക് ഞാൻ തരുന്നു ശെമവൂനെ! വി. സഭയെ ഞാൻ നിന്റെ മേൽ പണിയുന്നു. പാതാള ഇരുമ്പു ബന്ധനങ്ങൾ അവളോട് പ്രബലപ്പെടുകയില്ല. വ്യാഴം രാത്രി പേജ് 319 ൽ ഞാൻ കടൽത്തീരത്തുകൂടി കടന്ന് അതിലെ തിരമാലകളിൽ ചവിട്ടി, പത്രോസ് ശ്ലീഹായുടെ കപ്പലിനു തുല്യമായി മറ്റൊന്നു ഞാനവിടെ കണ്ടില്ല. അത് നിബിയന്മാരെ വഹിച്ചിരിക്കുന്നു, ശ്ലീഹന്മാരെ കൂട്ടിക്കൊണ്ടു പോകുന്നു, വാഴ്ത്തപ്പെട്ട സഹദേന്മാരെയും വഹിച്ചിട്ടുണ്ട്, ഏദനിലേക്ക് ഇവരെയെല്ലാവരെയുംകൊണ്ട് പ്രവേശിക്കുന്നു. വെള്ളി പ്രഭാതം പേജ് 400 ൽ തിരുസഭയെ നിന്റെ വാതുക്കൽ കാവൽക്കാർ രാപകൽ നിന്ന് ദുഷ്ടനിൽനിന്ന് നിന്നെ കാവിൽ ചെയ്യുന്നു. അവർ അടിസ്ഥാനമായ ശെമവൂനും ശില്പിയായ പൗലോസും...

ശനി പ്രാഭ-പേജ് 454 ൽ തിരുസഭ അരുളിച്ചെയ്യുന്നു. ഞാൻ ശിഷ്യന്മാരുടെ തലവനായ ശെമവോന്യ പാറമേൽ ആകുന്നു പണിയപ്പെട്ടിരിക്കുന്നത്. ഞാൻ ഭയപ്പെടുകയില്ല. ശനി. മൂന്നാം മണി. പേജ് 470 ൽ കഹനൂസായെപ്പറ്റിയുള്ള മനോഹരമായ വിവരണം കാണാം. പത്രോസെ! നിന്നെ ഞാൻ എനിക്ക് ഭവനാധികാരിയായി നിയമിച്ചിരിക്കുന്നു. ബന്ധിപ്പാനും അവിപ്പാനും ഉന്നതത്തിന്റെയും ആഴത്തിന്റെയും താക്കോൽ നിന്റെ കയ്യിൽ ഞാൻ തന്നിരിക്കുന്നു. കൂടാതെ പരിശുദ്ധ സഭയുടെ പള്ളികൂദാശ, പള്ളിക്ക് കല്ലിടീൽ, പട്ടംകൊടുക്കുന്ന ക്രമങ്ങൾ, കുർബാന തക്സാ, ആദിയായവയിൽ പത്രോസിന്റെ നേതൃസ്ഥാനം വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. ആകയാൽ പത്രോസിന്റെ പിൻഗാമിയായ പ. അന്ത്യോഖ്യായുടെ മോറാൻ മാർ പാത്രിയർക്കീസ് ബാവാ തിരുമേനി ഭൗമീകസഭയുടെ സാർവത്രിക പരമാധികാരിയാകുന്നു.

അപ്പവും വീഞ്ഞും വേറെ വേറെ നൽകാത്തതിനെക്കുറിച്ച് ചിലർക്ക് തെറ്റിദ്ധാരണയുണ്ട്. ശരീരം മാത്രമേ നൽകുന്നുള്ളുയെന്നു ധരിച്ച് പരിഭവിക്കുന്നവരുമുണ്ട്. വി. കുർബാനയിൽ അൻപുടയോനെ എന്ന ഗീതം ചൊല്ലുന്ന അവസരത്തിൽ മറക്കുള്ളിൽ പട്ടക്കാരൻ അപ്പം മുറിച്ച് അതിൽനിന്ന് ഒരു ഖണ്ഡം എടുത്തു കാസായിലെ വീഞ്ഞിൽ മുക്കി അപ്പത്തിന്മേൽ പല പ്രാവശ്യം പുരട്ടുന്നു. വീഞ്ഞ് അപ്പത്തിൽ വലിയുന്നു. അത് ഓരോ ഘണ്ഡം അപ്പത്തിലും, ജീവനുള്ള ശരീരത്തിൽ രക്തമെന്നപോലെ വസിക്കുന്നു. ആകയാൽ ആ 'കലർത്തൽ' കഴിഞ്ഞ് വി. കുർബാന നൽകുമ്പോൾ അപ്പക്ഷണം മാത്രം നൽകിയാലും അതിൽ വീഞ്ഞുമുണ്ട്.

വി. കുർബാന കർത്താവിന്റെ ക്രൂശിലെ ബലി തന്നെയാണ്; അതിന്റെ ആവർത്തനമല്ല, തുടർച്ചയാണ്. അത് രക്താർപ്പിതമായ ബലികൾ നിർത്തി അപ്പവീഞ്ഞുകൾ കൊണ്ടുള്ള പുതിയ നിയമബലിയാണ്. ഇത് മരിച്ചവരുടേയും ജീവനുള്ളവരുടേയും രക്ഷയ്ക്കും പാപമോചനത്തിനും വേണ്ടിയുള്ള ബലിയാണ്. അത് അനുഭവിക്കുന്നവർക്ക് അത് പ്രയോജനപ്പെടുന്നു. ഒരുക്കത്തോടും സ്വയം പരിശോദന ചെയ്തും പാപങ്ങൾ മോചിക്കപ്പെട്ടും ഇതനുഭവിക്കണം. അല്ലാതെ അയോഗ്യമായനുഭവിക്കുന്നവർക്ക് ഇത് ശിക്ഷയ്ക്കായിത്തീരും (1 കോറി. 11:26-30).

കർത്താവിന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്നവർക്ക് അവ ജീവനും രക്ഷയ്ക്കുമായി ഭവിക്കുമെന്ന മാത്രമല്ല, അവ അനുഭവിക്കാത്തവർക്ക് ജീവനും രക്ഷയുമില്ല. ആകയാൽ ചിലർ വിചാരിക്കുന്നതുപോലെ അനുഭവിക്കയോ അനുഭവിക്കാതിരിക്കയോ ഇഷ്ടംപോലെ ആകവുന്നതല്ല. എല്ലാ വിശ്വാസികളും അവ അനുഭവിച്ചേ മതിയാകൂ. ഒരുസ്രോപ്പെ മാലാഖാ അഗ്നികൊടിൽകൊണ്ട് എടുത്തുകൊടുത്തതും അത് തന്റെ അധരങ്ങളെ സ്പർശിച്ചപ്പോൾ തന്റെ അകൃത്യങ്ങളും പാപങ്ങളും മോചിക്കപ്പെട്ടതുമായി ഏശായാ ദീർഘദർശി ദർശനത്തിൽ കണ്ടത് ഇതുതന്നെയാണ്. മാലാഖമാർ കൈകൊണ്ടെടുക്കാൻ ഭയന്ന വി. രഹസ്യങ്ങൾ ഇന്ന് ദൈവീക അനുവാദത്താൽ മണ്മയരായ പട്ടക്കാർ കൈകൊണ്ട് എടുത്തനുഭവക്കയും കൊടുക്കയും ചെയ്യുന്നു! ഇവ അനുഭവിക്കാൻ വരുന്നവർ ഒരുക്കത്തോടും ആത്മശരീരമനസ്സുകളുടെ വെടിപ്പോടും തലേരാത്രി മുതൽ ഒന്നും തിന്നാതെയും കുടിക്കാതെയും ഉപവാസത്തോടും കൂടെ വേണം. കാപ്പിയും കുടിച്ചുകൊണ്ട് വന്നു അനുഭവിക്കരുത്. അങ്ങനെ ചിലർ വരുന്നത് ഞാൻ കണ്ടിട്ടുണ്ട്. യുദസ്കറിയാത്താ അയോഗ്യമായി കർത്താവിന്റെ തിരുവത്താഴത്തിൽ പങ്കകൊണ്ടു അവന് അത് ശിക്ഷാവിധിക്കായിതീർന്നു. നമ്മൾ അതുപോലെയാകാതെ കർത്താവിന്റെ മറ്റു അപ്പോസ്ഥലന്മാരുടെ ഭാഗ്യത്തിനർഹരാകാൻ തക്കവണ്ണം ശ്രമിക്കയും തന്നത്താൻ ശുദ്ധീകരിക്കയും വേണം.

**പെന്തിക്കൊസ്തിയ്ക്കുശേഷം നാലാം ഞായറാഴ്ച (ലൂ. 10:1-16; 10:17-24; മത്തായി 14:14-23)**

ഇന്നത്തെ വി. കുർബാനയുടെ ഏവൻ ഗേവിയോൻ അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തീറ്റിയ സംഭവത്തേക്കുറിച്ചാണ്. ഈ സംഭവത്തേക്കുറിച്ചുള്ള വായന ഓരോ സുവിശേഷങ്ങളിൽ നിന്ന് തുടർച്ചയായി പല ഞായറാഴ്ചകളിൽ വരുന്നുണ്ട്. ഇത് അത്ര പ്രാധാന്യമുള്ള സംഭവമായതുകൊണ്ടാണ്.

ഏഴപ്പവും ഏതാനു ചെറുമീനുംകൊണ്ട് നാലായിരം പേരെ തീറ്റി തൃപ്തിപ്പെടുത്തിയ സംഭവവും വി. സുവിശേഷങ്ങളിൽ നാം കാണുന്നുണ്ട്. ഇവ രണ്ടും വേറെ വേറെ സംഭവങ്ങൾ തന്നെയാണ്, ഒരു സംഭവത്തേക്കുറിച്ച് രണ്ടു സുവിശേഷകന്മാർ എഴുതിയപ്പോൾ രണ്ടു തരത്തിൽ വന്നുപോയതല്ല.

പരീശന്മാരുടെ പുളിമാവ് സൂക്ഷിച്ചുകൊള്ളണമെന്ന് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞപ്പോൾ അവർ അപ്പം എടുക്കാഞ്ഞതിനെക്കുറിച്ചാണ് യേശു പറഞ്ഞതെന്ന് അപ്പോസ്ഥോലന്മാർ വിചാരിച്ചു അതറിഞ്ഞ് കർത്താവ് അവരോട്; 'ഭോഷന്മാരേ ഞാൻ അപ്പം എടുക്കാത്തതിനേക്കുറിച്ചാണ് പറഞ്ഞതെന്ന് നിങ്ങൾ വിചാരിച്ചതെന്ത്? അഞ്ചു അപ്പവും രണ്ടു മീനുംകൊണ്ട് അയ്യായിരം പേരെ തീറ്റി തൃപ്തിയാക്കിയിട്ട് എത്ര കുട്ടനിറയെ ശേഷിച്ച കഷണങ്ങൾ എടുത്തുയെന്നും, ഏഴപ്പവും കുറെ ചെറുമീനുംകൊണ്ട് നാലായിരം പേരെ തീറ്റിയിട്ട് എത്ര വട്ടിനിറയെ ശേഷിച്ച കഷണങ്ങൾ എടുത്തുയെന്നും നിങ്ങൾ ഓർക്കുന്നില്ലയോ" പിന്നെ അപ്പമെടുക്കാഞ്ഞതിനേക്കുറിച്ചാണ് ഞാൻ പറഞ്ഞതെന്ന് നിങ്ങൾ വിചാരിച്ചയെന്തിന്? എന്നു പറഞ്ഞതിൽ നിന്ന് ഇവ രണ്ടു പ്രത്യേക സംഭവങ്ങൾ തന്നെയാണെന്ന് നമുക്കറിയാം. ഇങ്ങനെ രണ്ടു തവണ മാത്രമല്ല, കൂടുതൽ പ്രാവശ്യം സംഭവിച്ചിരിക്കാമെന്നാണ് ഞാൻ വിചാരിക്കുന്നത്. കർത്താവ് പ്രവർത്തിച്ചതും പറഞ്ഞതുമായ കാര്യങ്ങളെല്ലാം സുവിശേഷത്തിൽ എഴുതപ്പെട്ടിട്ടില്ല എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ (യോഹ. 21:25) പറഞ്ഞിട്ടുണ്ടല്ലോ.

കർത്താവ് അപ്പത്തിന്മേൽ അത്ഭുതം പ്രവർത്തിച്ചതുപോലെ വെള്ളം വീഞ്ഞാക്കുകയും ചെയ്തു. ഇവ രണ്ടും അപ്പവീഞ്ഞുകളിൽ തന്റെ ശരീരരക്തങ്ങൾ സ്ഥാപിച്ച് ഒരു കൂദാശ നമുക്ക് ഏൽപ്പിച്ചു തരുവാനിരുന്നതിലേക്ക് വിരൽ ചൂണ്ടുകയായിരുന്നു. അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തീറ്റി തൃപ്തിപ്പെടുത്തിയ സംഭവം എല്ലാവർക്കും സുപരിചിതവും ആവർത്തിച്ചു വായിക്കയും, വായിച്ചു കേൾക്കയും ചെയ്തിട്ടുള്ളതുമാണ്. ആ സംഭവത്തെക്കുറിച്ചു സാധാരണക്കാരൻ ഒരു തീറ്റയുടേയും ബാക്കി വന്നതിന്റേയും മാത്രം കഥയായിട്ടാണ് ചിന്തിക്കാറുള്ളത്. എന്നാൽ ഇത് ഒരു ഉപവാസത്തിന്റേയും ധ്യാനത്തിന്റേയും കഥയും കൂടിയാണ്. മൂന്നുദിവസം മുഴുവൻ അവരെല്ലാം ഒന്നും കഴിക്കാതെ ദൈവവചനം കേട്ടു ധ്യാനിക്കയായിരുന്നു. അവരിൽ സ്ത്രീകളും കുഞ്ഞുങ്ങലും കൂടാതെ അയ്യായിരം പേരായിരുന്നുയെന്നു പറഞ്ഞിരിക്കുന്നതിനാൽ അയ്യായിരം പുരുഷന്മാർക്കടുത്ത സ്ത്രീകളും കുഞ്ഞുങ്ങളുമുണ്ടായിരുന്നുയെന്നർത്ഥം സിദ്ധിക്കുന്നു. മൂന്നുദിവസം വചനം കേട്ട് ഉപവാസത്തോടും ധ്യാനത്തോടും കഴിച്ചുകൂട്ടിയ അനേകായിരം സ്ത്രീകളും കുഞ്ഞുങ്ങലും അവിടെ ഉണ്ടായിരുന്നുയെന്നുള്ള കാര്യം നിങ്ങളിൽ പലരുടേയും ശ്രദ്ധയിൽപ്പെട്ട കാണുകയില്ല. ആ കുഞ്ഞുങ്ങൾ കരയാതെയും തളരാതേയും മൂന്നുദിവസം ഉപവസിച്ച കാര്യം എത്ര അത്ഭുതാവഹമാണെന്നാലോചിച്ചു നോക്കുക. അവർ പ്രസംഗകേൾവി കഴിഞ്ഞു. വീടുകളിലേക്ക് പോകുന്നതിനു മുമ്പായി അവർക്ക് ഭക്ഷണം കൊടുപ്പാൻ കർത്താവ് കൽപ്പിച്ചത് അതുകൊണ്ടാണ്. അവരിൽ ചിലർ ദൂരെ നിന്നു വന്നവരുമുണ്ടായിരുന്നു. അതു വിജനപ്രദേശമാണെന്നും, അവിടൊന്നും വാങ്ങാൻ കിട്ടുകയില്ലെന്നും സുവിശേഷത്തിൽ കാണുന്നു. ആകയാൽ മൂന്ന് ദിവസത്തെ പ്രസംഗകേൾവിക്കിടയിൽ അവർ പോയി ഒന്നും വാങ്ങി കഴിച്ചിരിക്കാനിടയില്ല.

മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുന്ന ഓരോ വചനംകൊണ്ടും ജീവിക്കുന്നുയെന്നു പറഞ്ഞ തിരുവെഴുത്തു ഇവിടെ യഥാർത്ഥമായി തീർന്നു. കർത്താവിന്റെ വായിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന ജീവനുള്ളതും ജീവിപ്പിക്കുന്നതും വിശക്കാതെയും തളരാതെയും കാക്കുന്നതുമായ തിരുവചനങ്ങൾകൊണ്ടാണ് ആയിരക്കണക്കിന് കുഞ്ഞുങ്ങളും സ്ത്രീകളും അയ്യായിരം പുരുഷന്മാരും മൂന്നുദിവസം ആ വിജനപ്രദേശത്ത് ജീവിച്ചത്. കർത്താവ് വിജനപ്രദേശത്ത് മലമുകളിൽ മുപ്പത്തിയൊൻപത് ദിവസം പ്രാർത്ഥനയിലും ധ്യാനത്തിലും കഴിച്ചപ്പോൾ തനിക്ക് വിശന്നില്ല. 'നാൽപ്പതാംദിവസം അവന് വിശന്ന് എന്നാണ് നാം വായിക്കുന്നത്.




**റാസൽഖൈമ മോർ ഗ്രിഗോറിയോസ് പള്ളി**

**പ. പാത്രിയർക്കീസ് ബാവായും ശ്രേഷ്ഠ കാതോലിക്ക ബാവയും ചേർന്ന് കൂദാശ ചെയ്തു**

# BOOK POST

**Printed Matter**

If undelivered please return to

Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthly
Tiruvalla P.O., PTA Dist.,
Kerala, S. India

To

Sri/Smt. ........................................................................

..................................................................................

..................................................................................

..................................................................................

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor: Chev. K.J. Abraham Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexandar Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website:www.yakkoobyan.org